കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa .kerala.gov.in

# ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-4 /1184/2020

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി – 24.2.2021

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറ്റുമല ബ്ലോക്ക് പ ഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-4/1184/2020, തിയതി : 24.02.2021

## കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 27.10.2018 മുതൽ 22.02.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും, 20.11.2018 മുതൽ 31.03.2020 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. മാത്യുറോയ്. കെ. പി | |
| | | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05.10.2020 മുതൽ 09.10.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. മണിലാൽ. വി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ. സുബി. എസ്സ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. ജൂഡിറ്റ് വർഗ്ഗീസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. വിഷ്ണുപ്രിയ. കെ | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി. സന്തോഷ് | 01.04.2018 മുതൽ<br><br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. എസ്സ്. അശോക് കുമാർ | 01.04.2018 മുതൽ<br><br>31.05.2018 വരെ |

| | | |
|---|---|---|
| | ശ്രീ. എസ്സ്. സോളമൻ | 01.06.2018 മുതൽ<br><br>10.06.2018 വരെ |
| | ശ്രീ. എം. എസ്സ്. അനിൽകുമാർ | 11.06.2018 മുതൽ<br><br>31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. എസ്സ്. അശോക് കുമാർ | 01.04.2018 മുതൽ<br><br>31.05.2018 വരെ |
| | ശ്രീ. എസ്സ്. സോളമൻ | 01.06.2018 മുതൽ<br><br>10.06.2018 വരെ |
| | ശ്രീ. എം. എസ്സ്. അനിൽകുമാർ | 11.06.2018 മുതൽ<br><br>31.03.2019 വരെ |
| കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. റ്റി. എ. കൽപ്പന | 01.04.2018 മുതൽ<br><br>31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. സുജാ. ടി. നായർ | 01.04.2018 മുതൽ<br><br>04.06.2018 വരെ |
| | ഡോ. മോളി വർഗ്ഗീസ് | 05.06.2018 മുതൽ<br><br>31.07.2018 വരെ |
| | ഡോ. ഡി. എസ്സ്. ബിന്ദു | 01.08.2018 മുതൽ<br><br>31.03.2019 വരെ |
| ക്ഷീരവികസന ഓഫീസർ, ചെറുമൂട്<br><br>ക്ഷീരവികസന ഓഫീസർ, | ശ്രീമതി. മഞ്ജു. ഒ. ബി | 01.04.2018 മുതൽ<br><br>31.03.2019 വരെ |
| | ശ്രീമതി.അനീഷാ.എ | 01.04.2018 മുതൽ<br><br>31.03.2019 വരെ |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കുണ്ടറ | ഡോ. ജി. ബാബുലാൽ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 03.07.2018 വരെ |
| | ഡോ. പുഷ്പലത. പി. കെ | 04.07.2018 മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഒ, ചിറ്റുമല | ശ്രീമതി. രേണുക. ഐ | 01.04.2018 മുതൽ 30.06.2018 വരെ |
| | ശ്രീമതി. ശാന്തകുമാരി. സി. എ | 01.07.2018 മുതൽ 29.07.2018 വരെ |
| | ശ്രീമതി. റഹിയാനത്ത് ബീവി | 30.07.2018 മുതൽ 11.02.2019 വരെ |
| | ശ്രീമതി. ശാന്തകുമാരി. സി. എ | 12.02.2019 മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഒ, അഞ്ചാലുംമൂട് | ശ്രീമതി. മംഗളാംബിക | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീമതി. മീരാ ജയപ്രകാശ് | 01.08.2018 മുതൽ 05.08.2018 വരെ |
| | ശ്രീമതി. കവിത. പി. ആർ | 06.08.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ശൈലേഷ്. ഐ. പി | 01.04.2018 മുതൽ 18.06.2018 വരെ |
| | ശ്രീ. സിബി. എ. ജി | 19.06.2018 മുതൽ 31.03.2019 വരെ |
| അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ, എൽ.എസ്സ്.ജി.ഡി, ചിറ്റുമല | ശ്രീമതി. ബിജിമോൾ. ഇ. ആർ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 21.04.2018 വരെ |
| | ശ്രീമതി. ഷൈജ. ബി | 22.04.2018 മുതൽ<br>19.05.2018 വരെ |
| | ശ്രീമതി. ബിജിമോൾ. ഇ. ആർ | 20.05.2018 മുതൽ<br>13.08.2018 വരെ |
| | ശ്രീമതി. ഷൈജ. ബി | 14.08.2018 മുതൽ<br>31.03.2019 വരെ |
| അസ്സിസ്റ്റന്റ് എഞ്ചിനിയർ,<br>എൽ.എസ്സ്.ജി.ഡി | ശ്രീമതി. സീബ. എൻ | 01.04.2018 മുതൽ<br>27.11.2018 വരെ |
| | ശ്രീ. സന്തോഷ് കുമാർ. എസ്സ് | 28.11.2018 മുതൽ<br>06.01.2019 വരെ |
| | ശ്രീ. നജീബ്. എ | 07.01.2019 മുതൽ<br>31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ബാങ്ക് അക്കൗണ്ടിലെ തുകയുടെ വരവ് സംബന്ധിച്ച് | 1-12 |
| 13 | പാഴ് വസ്തുക്കളുടെ ലേലം | 1-13 |

| | | |
|---|---|---|
| 14 | അഞ്ചാലുംമൂട് ഷോപ്പിംഗ് കോപ്ളക്സ് വാടക അപാകതകൾ | 1-14 |
| 15 | പഠനമുറി നിർമ്മിക്കുന്നതിനായി ആനുകൂല്യം നൽകിയിട്ട് നാളിതുവരെ പണി പൂർത്തീകരിച്ചില്ല | 1-15 |
| 16 | വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ അവസാന ഗഡു അനുവദിച്ചു നൽകി | 1-16 |
| 17 | വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി. | 1-17 |
| 18 | സിറ്റിസെൻ ഇൻഫൊർമേഷൻ സെന്റർ പ്രവർത്തനം - വരവുചെലവു വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-18 |
| 19 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയപദ്ധതികൾ-രേഖകൾ, രജിസ്റ്റർപരിശോധനക്ക് ലഭ്യമാക്കിയില്ല | 1-19 |
| 20 | വിനിയോഗ സാക്ഷ്യപത്രമില്ല 4,95, 150 രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 21 | യാത്രാബത്ത അനുവദിച്ചതിലെ അപാകതകൾ | 1-21 |
| 22 | വിനിയോഗസാക്ഷ്യപത്രം,മിച്ചം നിൽക്കുന്ന തുകയുടെ തിരിച്ചടവ് വിശദാംശം എന്നിവ സംബന്ധിച്ച് | 1-22 |
| 23 | വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയ 'വീ ഹെൽപ് ' പദ്ധതി ലക്ഷ്യം കണ്ടില്ല | 1-23 |
| 24 | ഹരിതസമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി കൊയ്ത്ത്മെതിയന്ത്രം വാങ്ങി – തുടർനടപടി സ്വീകരിച്ചില്ല. | 1-24 |
| 25 | മരാമത്ത് പ്രവൃത്തികൾ- സെന്ററിംഗ്, ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ച് നൽകി- 56,686/- രൂപ നിരാകരിക്കുന്നു. | 1-25 |
| 26 | മരാമത്ത് പ്രവൃത്തികൾ- മൺപണി ചെയ്തതിന് അധിക നിരക്ക് അനുവദിച്ച് നൽകി. | 1-26 |
| 27 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 1-27 |
| 28 | മരാമത്ത് പ്രവൃത്തികൾക്ക് ബ്ലോക്ക് വിഹിതം നൽകിയത്- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല. | 1-28 |
| 29 | മികവ്' പദ്ധതിയിൽ ചെലവഴിച്ച ശേഷം ബാക്കി വന്ന തുകകൾ കൈവശം വെച്ചിരിക്കുന്നു നഷ്ടം-35158/-രൂപ | 1-29 |
| 30 | ഭേദഗതി അംഗീകാരം വാങ്ങാതെ പ്രോജക്ട് നടപ്പാക്കി | 1-30 |
| 31 | പഴയ ക്യാബിൻ മെറ്റിരിയൽസിന്റെ വിശദമായ സ്ക്രാപ്പ് വാല്യൂ കണക്കാക്കാതെ കൈമാറ്റം നടത്തി | 1-31 |
| | ഭാഗം -2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | |
| | ഭാഗം -3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 32 | മരാമത്ത് പ്രവൃത്തികൾ- സെന്ററിംഗ്, ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ച് നൽകി- 56,686/- രൂപ നിരാകരിക്കുന്നു. | 3-1 |
| 33 | മരാമത്ത് പ്രവൃത്തികൾ- മൺപണി ചെയ്തതിന് അധിക നിരക്ക് അനുവദിച്ച് നൽകി-2,987/- രൂപ നിരാകരിക്കുന്നു. | 3-2 |
| 34 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 3-3 |

| | | |
|---|---|---|
| 35 | യാത്രാബത്തയിനത്തിൽ അധികംതുക അനുവദിച്ചു,നിരാകരിക്കുന്ന തുക 4775/-രൂപ | 3-4 |
| 36 | മികവ്' പദ്ധതിയിൽ ചെലവഴിച്ച ശേഷം ബാക്കി വന്ന തുകകൾ കൈവശം വെച്ചിരിക്കുന്നു നഷ്ടം-35158/-രൂപ | 3-5 |
| 37 | വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി. | 3-6 |
| | ഭാഗം -4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സ്ഥിര നിക്ഷേപം. | 4-7 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 46 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

**17.03.2018 തീയതിയിലെ I (1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 19.03.2019 തീയതിയിലെ I (1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.**

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 28.05.2019 | | |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17881500/- രൂപ |
| വരവ് | 105564153/- രൂപ |
| ആകെ | 123445653/- രൂപ |
| ചെലവ് | 114832060/- രൂപ |

| | |
|---|---|
| നീക്കിയിരിപ്പ് | 8613593/- രൂപ |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 44172000 | 44172000 | 39422098 | 4749902 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 19528000 | 19528000 | 19502626 | 25374 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 214000 | 214000 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5236000 | 5236000 | 3254251 | 1981749 |
| യൂണിയൻ ബാങ്ക് – IAY | | 15066746 | 44127 | 15110873 | 12258399 | 2852474 |
| കാനറാ ബാങ്ക് (ടാക്സ്) | | 1011 | 88758 | 89769 | 83005 | 6764 |
| സാക്ഷരത | | 241988 | 19102 | 261090 | 10000 | 251090 |
| SIGN SHG | | 6168 | 0 | 6168 | 6125 | 43 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | - | - | - | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 578172 | 578172 | 578172 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | IWMP | 24034 | 470 | 24504 | 18372 | 6132 |
| | IAY/PMAY (Admin) | 3220 | 100985 | 104205 | 91545 | 12660 |
| | IAY (Adminfund) | 56817 | 44127 | 100944 | 42113 | 58831 |
| | ടോട്ടൽ സാനിറ്റേഷൻ ക്യാമ്പൈൻ | 2323539 | 123231 | 2446770 | 314724 | 2132046 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | MPLADS | 95541 | 3707136 | 3802677 | 3701940 | 100737 |
| | MLA SDF | 84722 | 2646 | 87368 | - | 87368 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 166100 | 10506693 | 10672793 | 10612120 | 60673 |
| | ഗ്രാമപഞ്ചായത്ത് | - | 474008 | 474008 | 474008 | - |
| ട്രഷറി അക്കൗണ്ട് | | 76721 | 4609150 | 4688871 | 3521338 | 1167533 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (SIB + പേരയം SCB) | 286684 | 1882716 | 2169400 | 1437783 | 1244212 |
| | പേരയം SCB (FD) | 597500 | 0 | 597500 | 0 | 597500 |

കുറിപ്പ് – RP-40a-ൽ ട്രഷറി അക്കൗണ്ടിന്റെ മുന്നിരിപ്പായി -ve ബാലൻസാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. Redemption amount കഴിച്ചുള്ള തുകകൾ ഉൾപ്പെടുത്തിയാണ് ട്രഷറി അക്കൗണ്ടിന്റെ വരവ് ചെലവുകൾ സൂചിപ്പിച്ചിരിക്കുന്നത്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 101 | 73882292 | 84 | 62178975 | - | 17 | 83.17 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 578172 | 578172 | 578172 | - |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തൻദിവസം വരവില്ല എന്നും ക്യാഷ് ചെസ്റ്റ്, ക്യാഷ് ബുക്ക് എന്നിവ പ്രകാരം നീക്കിയിരിപ്പില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്. എന്നാൽ ചില വരവുകൾ ഡേ ബുക്കിൽ ഉൾപ്പെടുത്തുന്നില്ല.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി നീക്കിയിരുപ്പുകൾ റിക്കൺസിൽ ചെയ്ത് സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
വായ്പകൾ, നിക്ഷേപപ്രവൃത്തികൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. സിറ്റിസൺ ഇൻഫർമേഷൻ സെന്ററിന്റെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നില്ല. 'വി ഹെൽപ്പ്' എന്ന മൊബൈൽ ആപ്ലിക്കേഷൻ പദ്ധതി ലക്ഷ്യം കണ്ടില്ല.
ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും യാത്രപ്പടി ബില്ലുകൾ മാറുന്നതിൽ കേരള സർവ്വീസ് ചട്ടങ്ങൾ പാലിക്കുന്നില്ല. ഹരിത സമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ കോയ്ത്ത് മെതിയന്ത്രത്തിന്മേൽ മോണിറ്ററിംഗ് നടത്തി വരവ് ചെലവ് കണക്ക് സൂക്ഷിക്കുന്നില്ല.
ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പറുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.07.2019 | 2018-19 | 25.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2019 | 2015-16 മുതൽ 2018-19 വരെ | 19.07.2019 |

1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടായ STSB യുടെ നീക്കി ബാക്കി, ബാങ്ക് ബുക്ക് പ്രകാരം - 11,67,533/-രൂപയും പാസ്സ്ബുക്ക പ്രകാരം - 18,15,712/-രൂപയുമാണ്. ആയതിന്റെ റീക്കൺസിലിയേഷൻ ഹാജരാക്കിയിട്ടില്ല.

2. പേരയം സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് തനതുഫണ്ട് അക്കൗണ്ടിന്റെ റീക്കൺസിലിയേഷനിൽ ഉൾപ്പെട്ട തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. Capital work in progress എന്ന ഹെഡിൽ 11,94,522/- രൂപ ലൈഫ് പാർപ്പിട പദ്ധതി വിവരങ്ങൾ ആണ് ചേർത്തിരിക്കുന്നത്. പാർട്ട്ബിൽ നൽകിയ ' മുമ്പാല ഓട കവറിംഗ് സ്ലാബ് ' എന്ന പ്രോജക്ടിന് നൽകിയ 186171/- രൂപ ടി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.B-12 ഷെഡ്യൂൾ പ്രകാരം ഫിക്സഡ് ഡെപ്പോസിറ്റ് ഇല്ല. എന്നാൽ 2017-18 വാർഷികധനകാര്യപത്രിക

പ്രകാരം ഈയിനത്തിൽ 1,95,000/-രൂപ ബാലൻസുണ്ട്. കൂടാതെ RP 40(b) പ്രകാരം പേരയം സർവ്വീസ് സഹകരണ ബാങ്കിൽ 5,97,500/-രൂപ നിക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.

5. RP 31 – 320700204 എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന 14,12,000/- രൂപയുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

6. AFS പ്രകാരം Rent – ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം രൂപ - 3,67,530/-(I3), രൂപ 2,96,885/- (RP 43), രൂപ- 70,645 (B 15) ആണ്. എന്നാൽ റെന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് - രൂപ 3,03,620/-, വരവ് - രൂപ 2,33,030/-, നീക്കിയിരിപ്പ് - രൂപ - 70,590/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

7. RP – 26 Prior period item എന്ന ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന രൂപ- 23,00,892/- രൂപയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

8. 18.6.18-ൽ വരവു വന്ന 8,000/-രൂപ ഓഡിറ്റ് റിക്കവറി ആയി ഉൾപ്പെടുത്തിയിട്ടില്ല.

1-12 ബാങ്ക് അക്കൗണ്ടിലെ തുകയുടെ വരവ് സംബന്ധിച്ച്

പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലെ തനതുഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നം. 3194) 20.04.2020 ൽ വരവുവന്ന 109770/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഓഫീസിൽ ഇങ്ങനെ ഒരു തുക വരവുവച്ചിട്ടില്ലെന്നും തുകയുടെ വിവരം അന്വേഷിച്ച് അറിയിക്കാം എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ബാങ്ക് ബുക്കിൽ ടി തുക വരവിലെടുത്തിട്ടില്ല.

ബാങ്ക് അക്കൗണ്ടിൽ വരവുവരുന്ന എല്ലാ തുകകളും പരിശോധിച്ച് ആയതിൽ പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്ത് സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടത് അക്കൗണ്ടന്റിന്റെ ചുമതലയാണ് മാസാന്ത്യ റിക്കൺസിലിയേഷനുകൾ കൃത്യമായി നടത്തി ആയതിലെ പിശകുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 4/08.10.2020

1-13 പാഴ് വസ്തുക്കളുടെ ലേലം

പഞ്ചായത്ത് ഓഫീസിലെ ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ഫർണീച്ചറുകൾ, ടാർ, എന്നിവയുടെ മൂല്യനിർണ്ണയം നടത്തി ലേല നടപടികൾ സ്വീകരിക്കുന്നതിന് 25.09.2018ൽ നടന്ന പഞ്ചായത്ത് ഭരണ സമിതിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നം. VII(06)). എന്നാൽ ഇവയുടെ ലേലം നടന്നിട്ടില്ല. ലേലം നടത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും ക്ലീൻ കേരളാമിഷനു കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ സൂക്ഷിച്ചിരിക്കുന്ന ടാർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതല്ല എന്നും മുൻകാലങ്ങളിൽ നടന്നുവന്ന എസ്സ്.ജി.ആർ.വൈ പദ്ധതിയുമായി ബന്ധപ്പെട്ടുള്ളതാണെന്നും ആയതിനാൽ ലേല നടപടികൾ തുടങ്ങിയിട്ടില്ല എന്നും മറുപടിനൽകിയിട്ടുണ്ട്. വർഷങ്ങൾക്കുമുമ്പ് പൂർത്തിയായ പദ്ധതികളുടെ അനുബന്ധ സാമഗ്രികൾ ഇപ്പോഴും നടപടിക്രമങ്ങൾ പാലിക്കാതെ ഓഫീസ് വളപ്പിൽ സൂക്ഷിച്ചിരിക്കുന്നു എന്നത് ഗൗരവമായിക്കണ്ട് തുടർ നടപടികൾ എടുക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് മേൽ ടാർ

ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 7/9.10.2020

1-14 അഞ്ചാലുംമൂട് ഷോപ്പിംഗ് കോപ്ളക്സ് വാടക - അപാകതകൾ

1. പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച നിരക്കിലുള്ള വാടക ഈടാക്കുന്നില്ല.

അഞ്ചാലുംമൂട് ഷോപ്പിംഗ് കോപ്ളക്സിൽ താഴത്തെ നിലയിൽ 18 കടമുറികളും ഒന്നാം നിലയിൽ 7 കടമുറികളുമായി ആകെ 25 മുറികൾ നിലവിലുണ്ട്. ഇവിടെ സർക്കാർ ഓഫീസുകൾ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. ഇവയിൽ നിന്നും പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച നിരക്കിലുള്ള വാടക ഈടാക്കണമെന്ന് ബൈലോയിൽ പറയുന്നുണ്ടെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. തുച്ഛമായ വാടക മാത്രമാണ് ഈടാക്കി വരുന്നത്. പി.ഡബ്ല്യൂ.ഡി നിരക്കിൽ വാടക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച പുതുക്കിയ നിരക്കിലുള്ള വാടക കാണിച്ചുകൊണ്ട് 19.11.2019 ൽ നോട്ടീസ് നൽകുകയും നിലവിലുള്ള കരാർ അവസാനിക്കുന്ന മുറയ്ക്ക് പുതുക്കിയ വാടക ഈടാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. 05.8.19 ലാണ് പി.ഡബ്ല്യൂ.ഡി നിരക്കിലുള്ള വാടക നിശ്ചയിച്ച് അസി. എഞ്ചിനീയർ നൽകിയിരിക്കുന്നത്. കടമുറികൾക്ക് ചതുരശ്രമീറ്ററിന് 156/- രൂപ നിരക്കിലാണ് വാടക നിശ്ചയിച്ച് നൽകിയിരിക്കുന്നത്. 2020 സെപ്റ്റംബർ മാസം എല്ലാ സ്ഥാപന ഉടമകളുടെയും നിലവിലുള്ള വാടക കരാർ അവസാനിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. വാടക കരാർ പുതുക്കി പി.ഡബ്ല്യൂ.ഡി നിരക്കിൽ വാടക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സബ് രജിസ്റ്റാർ ഓഫീസിൽ നിന്നും വാടക ഈടാക്കുന്നില്ല.

അഞ്ചാലുംമൂട് ഷോപ്പിംഗ് കോപ്ളക്സിൽ പ്രവർത്തിക്കുന്ന സബ് രജിസ്റ്റാർ ഓഫീസിൽ നിന്നും വാടകഈടാക്കുന്നില്ല. ബൈലോ പ്രകാരം പി.ഡബ്ല്യൂ.ഡി നിരക്കിലുള്ള വാടക ഈടാക്കേണ്ടതാണ്. 124.5 ച.മീ. വിസ്തീർണ്ണമുള്ള സബ് രജിസ്ട്രാർ ഓഫീസിന് പി.ഡബ്ല്യൂ.ഡി നിരക്കിൽ (156/ച.മീ.) ഈടാക്കേണ്ട വാടക തുക 19422/- രൂപയാണ്. ഇവിടെ നിന്നും പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച നിരക്കിലുള്ള വാടക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 പഠനമുറി നിർമ്മിക്കുന്നതിനായി ആനുകൂല്യം നൽകിയിട്ട് നാളിതുവരെ പണി പൂർത്തീകരിച്ചില്ല -7,30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1. എസ്.സി.ഡി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് പഠനമുറി നിർമ്മാണം വിദ്യാദീപം (87/19) പദ്ധതി പ്രകാരം 2017-18 ൽ ആനുകൂല്യം നൽകിയിട്ട് (ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 1,00,000/-രൂപ) നാളിതുവരെ പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സ്പിൽഓവറായി നടപ്പാക്കിയ ഈ പദ്ധതിയിൽ ഓഡിറ്റ് വർഷം വികസനഫണ്ടിൽ നിന്നും 14,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം ./തീയതി | തുക (രൂപ) |
|---|---|
| 5/18-19 തീ.19.5.18 | 10,50,000 |
| 2/18-19 തീ.25.7.18 | 2,50,000 |
| 3/18-19തീ. 14.9.18 | 80,000 |

| | |
|---|---|
| 39/18-19 തീ.13.02.19 | 40,000 |
| 51/18-19 തീ.15.3.19 | 20,000 |
| | 14,40,000 |

| 90,000/- രൂപ കൈപ്പറ്റിയ ഗുണഭോക്താക്കൾ (പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല) | 50,000/- രൂപ കൈപ്പറ്റിയ ഗുണഭോക്താക്കൾ (നാളിതുവരെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല.) |
|---|---|
| 1.ദീപ.ജി, ദിയ.ഡി,<br>ചേരിക്കാട്ടിൽ, പ്രാക്കുളം | 1.മണികണ്ഠൻ,<br>ലക്ഷംവീട് നമ്പർ-20, പെരിനാട് |
| 2.അഖിൽ /ലീന,<br>ചിറയിൽ വീട്,<br>തെക്കേച്ചേരി, തൃക്കരുവ | 2.ശിവകൈലാസ്,<br>വർഷാലയം, മുളവന |
| 3.ആതിര.ജി, ഗിരിജ,<br>അനന്ദുഭവനം, കിഴക്കേകല്ലട | 3.ഗീതാകുമാരി, സുരേഷ്,<br>കുളപ്പുറത്ത്, കിഴക്കതിൽ, കിഴക്കേകല്ലട |
| | 4.സജിത, കിഴക്കേകരവിളവീട്,<br>ഠൗൺ വാർഡ്, കിഴക്കേകല്ലട |
| | 5.ഷാജൻ.ജി, കാർത്തു ഭവനം,<br>തൃക്കരുവ |
| ആകെ - 3x90000= 270000/- | ആകെ - 5x50000 = 250000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ആദ്യ ഗഡു 50000/- രൂപ മാത്രം കൈപ്പറ്റിയ 5 ഗുണഭോക്താക്കൾ നാളിതുവരെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. രണ്ടാം ഗഡു കൈപ്പറ്റിയിട്ടും പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്തവരിൽ നിന്നും പണി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നത് വരെയും (3x90000= 270000/-) ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെയും നിർമ്മാണം ആരംഭിക്കാത്തവരിൽ നിന്ന് തുക ഈടാക്കുന്നത് വരെയും (5x50000 = 250000/-) 520000/- രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2. പട്ടികജാതി കുട്ടികൾക്ക് പഠനമുറി (20/19) പദ്ധതി പ്രകാരം തൻവർഷം പഠനമുറി നിർമ്മിക്കുന്നതിനായി (ഒരു വിദ്യാർഥിക്ക് പരമാവധി 2,00,000/- രൂപ ) ആനുകൂല്യം നൽകിയിട്ട് നാളിതുവരെ പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ പദ്ധതിയിൽ ഓഡിറ്റ് വർഷം വികസനഫണ്ടിൽ (എസ്.സി.പി.) നിന്നും 89,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം ./തീയതി | തുക |
|---|---|
| 5/18-19 തീ.12.10.18 | 4,00,000 |
| 6/18-19 തീ.24.10.18 | 12,00,000 |
| 8/18-19 തീ.13.11.18 | 5,50,000 |
| 9/18-19 തീ.13.11.18 | 5,50,000 |
| 10/18-19 തീ. 27.11.18 | 6,00,000 |
| 12/18-19 തീ. 30.11.18 | 1,00,000 |
| 13/18-19തീ. 19.12.18 | 6 ,00,000 |

| | |
|---|---|
| 14/18-19തീ. 19.12.18 | 7,00,000 |
| 15/18-19തീ 24.12.19 | 200000 |
| 16/18-19തീ 24.12.19 | 250000 |
| 17/18-19തീ 24.12.19 | 100000 |
| 18/18-19തീ 14.1.19 | 50000 |
| 20/18-19തീ 14.1.19 | 600000 |
| 21/18-19തീ 22.1.19 | 200000 |
| 22/18-19തീ 22.1.19 | 50000 |
| 23/18-19 തീ 22.1.19 | 50000 |
| 24/18-19തീ. 30.1.19 | 100000 |
| 25/18-19 തീ. 30.1.19 | 50000 |
| 26/18-19തീ. 30.1.19 | 50000 |
| 27/18-19തീ. 30.1.19 | 150000 |
| 28/18-19തീ. 30.1.19 | 150000 |
| 31/18-19തീ. 4.2.19 | 100000 |
| 32/18-19തീ. 4.2.19 | 50000 |
| 33/18-19 തീ. 4.2.19 | 150000 |
| 35/18-19 തീ.10.2.19 | 100000 |
| 36/18-19 തീ.10.2.19 | 200000 |
| 37/18-19 തീ.10.2.19 | 200000 |
| 38/18-19 തീ.13.2.19 | 50000 |
| 40/18-19തീ.21.2.19 | 150000 |
| 41/18-19തീ.21.2.19 | 50000 |
| 42/18-19 തീ.21.2.19 | 50000 |
| 44/18-19 തീ.26.2.19 | 200000 |
| 45/18-19 തീ.26.2.19 | 50000 |
| 46/18-19തീ.12.3.19 | 200000 |
| 47/18-19തീ.12.3.19 | 100000 |
| 48/18-19 തീ.12.3.19 | 100000 |
| 49/18-19 തീ.12.3.19 | 150000 |
| 50/18-19 തീ.15.3.19 | 200000 |
| 52/18-19 തീ.25.3.19 | 150000 |
| | 89,50,000 |

| 1,50,000/- രൂപ കൈപ്പറ്റിയ ഗുണഭോക്താക്കൾ |
|---|
| 1.സുബാഷ്/അഭിരാമി, പെരുങ്ങാലം |
| 2.അജിത് കുമാർ/നന്ദ, കിടപ്രം തെക്ക് |
| ആകെ – 150000 x 2 = 300000/- |

പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പണി പൂർത്തീകരിക്കുകയോ തുക തിരികെ ഈടാക്കി വിവരം അറിയിക്കുകയോ ചെയ്യുന്നതുവരെ ഈ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. – 12/9.10.2020

തടസ്സം – ഖണ്ഡിക 1-15-1 – 520000/- രൂപ, ഖണ്ഡിക 1-15-2 – 300000/- രൂപ

1-16 വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ അവസാന ഗഡു അനുവദിച്ചു നൽകി

എസ്.സി.ഡി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിദ്യാദീപം പദ്ധതിയിൽ (പദ്ധതി നം. 87/19) പട്ടികജാതി വിദ്യാർത്ഥികൾക്ക് 1 ലക്ഷം രൂപ നിരക്കിൽ പഠനമുറിയ്ക്കായി ആനുകൂല്യം നൽകിയിരുന്നു. ഓഡിറ്റ് വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ഈ പദ്ധതിയിൽ മുഴുവൻ പണിയും പൂർത്തീകരിച്ചിതന് ശേഷം എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ അവസാന ഗഡു വിതരണം ചെയ്തതായി കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂ) | ഓഡിറ്റ് വർഷം നൽകിയ തുക (രൂ) |
|---|---|---|---|
| 1 | സനിഗ /സുനിൽകുമാർ നാന്തിരിക്കൽ, പെരിനാട് | 1,00,000 | 50,000 (ബിൽ നം 2/18-19 തീ.25-7-18) |
| | ആകെ | 1,00,000 | 50,000 |

വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെ ഈ ഗുണഭോക്താവിന് നൽകിയ 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി - 12/9-10-20

തടസ്സം - 50000/- രൂപ

1-17 വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി.

2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ വിദ്യാദീപം-പദ്ധതിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ഗ്രാമ/നഗരസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കേണ്ട പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി. പഠനമുറിയ്ക്കായി 100,000/- രൂപ വീതം അനുവദിക്കുന്ന പദ്ധതിയിൽ വാല്യുവേഷൻ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി. വിശദ വിവരം ഖണ്ഡിക 3.6 ൽ.

1-18 സിറ്റിസെൻ ഇൻഫർമേഷൻ സെന്റർ പ്രവർത്തനം - വരവുചെലവു വിവരങ്ങൾ ലഭ്യമാക്കിയില്ല.

വിവരസാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ ഗ്രാമീണ ജനതയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ബ്ലോക്ക് ഇൻഫർമേഷൻസെന്റർ 2017-18 എന്ന സംസ്ഥാന പദ്ധതിയിൽ സംസ്ഥാനത്ത് ഒട്ടാകെ 14 സിറ്റിസൺ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കൊല്ലംജില്ലയിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലും സിറ്റിസൺ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കുകയും ബ്ലോക്ക് പഞ്ചായത്തിന്റെ കൊമ്പൗണ്ടിൽ ആയതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തു.

പഞ്ചായത്ത് ഭരണസമിതിയുടെ 1.04.2018 തീയതിയിലെ അജണ്ട 02, 1ാം നമ്പർ തീരുമാന പ്രകാരം സിറ്റിസെൻ ഇൻഫർമേഷൻ സെന്ററിന്റെ തുടർപരിപാലനത്തിനും വികസനത്തിനും

ക്ഷേമകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും സെന്ററിന്റെ ദൈനംദിന പ്രവർത്തന മേൽനോട്ടം ജനറൽ എക്സ്റ്റെൻഷൻ ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. IWMP ഡേറ്റാ എൻട്രി ഓപ്പറേറ്റർ ശ്രീമതി. സിജിസെഫർണോസിന് സിറ്റിസൺ ഇൻഫർമേഷൻസെന്ററിന്റെ ചുമതലയും നൽകിയിട്ടുള്ളതായും കമ്മിറ്റി തീരുമാനത്തിൽ പറയുന്നു. IWMP പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ല. ഡേറ്റ എൻട്രി ഓപ്പറേറ്ററുടെ സേവനം പൂർണ്ണമായും സിറ്റിസൺ ഇൻഫർമേഷൻ സെന്ററിനായി വിനിയോഗിക്കുന്നു. വൗച്ചർ പരിശോധിച്ചതിൽ ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം, സ്ഥാപനത്തിന്റെ മറ്റു ചെലവുകൾ എന്നിവയ്ക്ക് ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെചേർക്കുന്നു.

| മാസം | ചെലവിനം | തുക (രൂപ) | ചെക്ക്നം/തീയതി |
|---|---|---|---|
| ഏപ്രിൽ | Modem Dlink Installation | 2100/- | 4994435/16.04.18 |
| മെയ് | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 12000/- | 1191402/03.05.18 |
| ജൂൺ | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 12000/- | 1121692/05.06.2018 |
| ജൂൺ | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ ലീവ് സറണ്ടർ | 2000/- | 1121694/14.06.2018 |
| ജൂലൈ | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 9940/- (ദിവസവേതന അടിസ്ഥാനം) | 0883897/03.07.2018 |
| ആഗസ്റ്റ് | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 18125/- | 5188862/02.08.18 |
| സെപ്റ്റംബർ | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 18850/- | 5188875/15.09.18 |
| ഒക്ടോബർ | ഉദ്ഘാടനചെലവ്<br>മുൻകൂർ തുക | 12000/- | 0672892/26.09.18 |
| ഒക്ടോബർ | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 15950/- | 0672899/4.10.18 |
| ഒക്ടോബർ | ഉദ്ഘാടനചെലവ് ബാക്കി | 2840 | 2393108/31.10.18 |
| നവംബർ | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 16675/- | 1191411/03.11.18 |
| ഡിസംബർ | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 15225/- | 2395526/04.12.2018 |
| ജനുവരി | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 15000/- | 2437947/07.01.2019 |
| | ബോർഡ്എഴുതിയതിന്റെചാർജ് | 3000/- | 2417247/25.01.2019 |
| ഫെബ്രുവരി | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 15000/- | 2417250/05.02.2019 |
| മാർച്ച് | ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | 15000/- | 2527450/05.03.2019 |

2018-19 വർഷം സിറ്റിസെൻ ഇൻഫർമേഷൻ സെന്ററിൽ നിന്നുള്ള വരവിന്റെ വിശദാംശങ്ങൾ, ഇതിനായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനത്തിനായി നിയമിക്കുന്ന ഡേറ്റ എൻട്രി ഓപ്പറേറ്റർക്ക് ആറുമാസം വരെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ശേഷം കളക്ട് ചെയ്യുന്ന യൂസർ ഫീയിൽ നിന്നും തുക നൽകണമെന്നിരിക്കെ നാളിതുവരെയുള്ള വരവിന്റെ യാതൊരു വിവരങ്ങളും ലഭ്യമാക്കിയിട്ടില്ലാത്തത് അംഗീകരിക്കാൻ കഴിയില്ല. 2018-19 വർഷം മാത്രം സ്ഥാപനത്തിന്റെ ചെലവിനായി 185705/- രൂപ ചെലവഴിച്ചിട്ടും നാളിതുവരെയുള്ള വരവിന്റെ യാതൊരു വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. നാളിതുവരെയുള്ള വരവുകൾ, ബാങ്ക് അക്കൗണ്ടിൽ വരവുവന്ന വിശദാംശങ്ങൾ, സ്ഥാപനത്തിനു വേണ്ടി മറ്റു ഫണ്ടുകളിൽ നിന്ന് നടത്തിയിട്ടുള്ള ചെലവുവിവരങ്ങൾ

എന്നിവ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 14/09.10.2020

1-19 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ-രേഖകൾ, രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2018-19 വർഷം ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നം - 23/18-19

കുണ്ടറ താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ

ഫണ്ട് - റോഡിതരം

അടങ്കൽ തുക – 1000000/- രൂപ

ചെലവഴിച്ച തുക – 1000000/- രൂപ

ബിൽ നം - 4/18-19, തുക - 492468/- രൂപ, തീയതി – 19/9/18

ബിൽ നം – 7/18-19, തുക - 507532/- രൂപ, തീയതി – 30/11/18

2018-19 ൽ മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ. മേൽ പദ്ധതിയിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മരുന്ന് ലഭ്യമാക്കുന്നതിനുള്ള പ്രൊഫോർമ ഇൻവോയിസ് നൽകുന്നതിനുമുമ്പായി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതായുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ 12/9/18 ലെ 554/18 നം കത്ത് പ്രകാരം മരുന്ന് വാങ്ങുന്നതിന് നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് നൽകണമെന്നാവശ്യപ്പെട്ടു ജില്ലാമെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയെങ്കിലും സർട്ടിഫിക്കറ്റ് ലഭ്യമായതായി കാണുന്നില്ല. ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ KMSCL-ൽ നിന്നും മരുന്നു വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (നം-16/12.10.2020) മറുപടി ലഭ്യമാക്കിയില്ല. ജില്ലാമെഡിക്കൽ ഓഫീസറുടെ പക്കൽ നിന്നും നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന് ശേഷം മരുന്ന് വാങ്ങൽ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

2. സാന്ത്വനവും കരുതലും .

പ്രോജക്റ്റ് നം – S0033/19
ഫണ്ട് – പൊതുവിഭാഗം

അടങ്കൽ തുക – 720000/- രൂപ

ചെലവഴിച്ച തുക – 576776/- രൂപ

ബിൽ നം - 3/18-19, തുക - 102788/- രൂപ, തീയതി – 17/9/18

ബിൽ നം - 6/18-19, തുക – 61050/- രൂപ, തീയതി – 10/10/18

ബിൽ നം – 9/18-19, തുക – 122670/- രൂപ, തീയതി – 30/11/18

ബിൽ നം – 11/18-19, തുക – 58794/- രൂപ, തീയതി – 14/1/19

ബിൽ നം – 12/18-19, തുക – 112290/- രൂപ, തീയതി – 6/2/19

ബിൽ നം – 13/18-19, തുക – 119184/- രൂപ, തീയതി – 21/3/19

മെഡിക്കൽ ഓഫീസർ 2018-19 ൽ പാലിയേറ്റീവ് കെയർ രോഗികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്വാന്തനവും കരുതലും. താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ സാമ്പത്തിക വർഷം ആരംഭിച്ചതിനുശേഷവും പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ചിറ്റുമലബ്ലോക്ക് പഞ്ചായത്തിന്റെ 8/8/18 ലെ c2-2348/17 നം. കത്തിൽ ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ ധാന്യക്കിറ്റ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽവച്ച് വിതരണം ചെയ്യുന്നതിനും പിന്നീടുള്ള ധാന്യക്കിറ്റുകൾ ആശാവർക്കർ രോഗിയുടെ വിട്ടിൽ എത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഫയൽപരിശോധനയിൽ രോഗികൾക്ക് സാധനംവിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ, കൈപ്പറ്റ് രേഖകൾ എന്നിവ സമർപ്പിച്ചിട്ടില്ല. കൺസ്യൂമർഫെഡിൽനിന്ന് സാധനങ്ങൾ ലഭ്യമാക്കിയതിന്റെയും തുക നല്കിയതിന്റെയും വിശദാംശങ്ങൾ ഉണ്ടെങ്കിലും വിതരണരീതിയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ആയതിനാൽ പദ്ധതി പ്രകാരം ചെലവഴിച്ച 576776/- രൂപ തടസ്സപ്പെടുത്തുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക്(നം-16/12-10-2020) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കി 576776/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 576776/- രൂപ

3. പാലിയേറ്റീവ് ഹോം കെയർ

പ്രോജക്ട് നം - 21/18-19
അടങ്കൽ തുക – 300000/- രൂപ

ചെലവഴിച്ച തുക – 269000/- രൂപ

ഫണ്ട് - പൊതുവിഭാഗം (സാധാരണ വിഭാഗം)

1.ബിൽ നം - 1/18-19, തുക – 34250/- രൂപ, തീയതി – 23/7/18

2.ബിൽ നം - 2/18-19, തുക - 34250/- രൂപ, തീയതി – 9/8/18

3.ബിൽ നം - 5/18-19, തുക – 34250/- രൂപ, തീയതി – 10/10/18

4.ബിൽ നം - 10/18-19, തുക - 38300/- രൂപ, തീയതി – 18/12/18

5.ബിൽ നം - 14/18-19, തുക - 77950/- രൂപ, തീയതി – 21-3-19

6.ബിൽ നം – 8/18-19, തുക – 50000/- രൂപ, തീയതി – 30/11/18

2018-19 വർഷം മെഡിക്കൽഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് പാലിയേറ്റീവ് ഹോംകെയർ. പ്രസ്തുത പദ്ധതി പ്രകാരം ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പെരിനാട്, പനയം, കുണ്ടറ, പേരയം, ഈസ്റ്റ് കല്ലട, മൺറോത്തുരുത്ത് എന്നീ പഞ്ചായത്തുകളിലെ വിദഗ്ധ

പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിചരണം നൽകുക, സാധന സാമഗ്രികൾ നൽകുക, പരിചരണത്തിനാവശ്യമായ ഹോംകെയർ വാഹന വാടക, ഹോംകെയർ ടീമിന് ഭക്ഷണ ചെലവ് എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത ചെലവുകളുടെയെല്ലാം ചെലവുരേഖകൾ, മറ്റു അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയെങ്കിലും പ്രസ്തുത പദ്ധതി പ്രകാരം ഉൾപ്പെട്ടിട്ടുള്ള രോഗികളുടെ ഗൃഹസന്ദർശനം രേഖപ്പെടുത്തുന്ന ഹോംകെയർ രജിസ്റ്റർ, കമ്മിറ്റി മിനിട്സ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയതിനാൽ ചെലവിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിവരം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

പാലിയേറ്റിവ് കെയർ പദ്ധതി പ്രകാരം പരിചരണം നടത്തുന്ന രോഗികളുടെ ഗൃഹസന്ദർശനം രേഖപ്പെടുത്തുന്ന ഹോംകെയർ രജിസ്റ്റർ, കമ്മിറ്റി മിനിട്സ് എന്നിവ പരിശോധനക്കായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. – 16/12.10.2020
തടസ്സപ്പെടുത്തുന്ന തുക – 269000/- രൂപ

1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതി | തുല്യതാ പഠിതാക്കൾക്ക് ധനസഹായം |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 495150/- രൂപ |
| ചെലവ് | 495150/- രൂപ<br>ബിൽ നം. 27/18-19, തീ. 23-11-18, 138750/- രൂപ<br>ബിൽ നം. 28/18-19, തീ. 23-11-18, 356400/- രൂപ |

സെക്രട്ടറി നിർവ്വഹണം നടത്തിയതുല്യതാ പഠിതാക്കൾക്ക് ധനസഹായം പദ്ധതിയിൽ എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് പ്രവേശന ഫീസ്, പരീക്ഷാ ഫീസ് എന്നിവയ്ക്കായി ഓഡിറ്റ് വർഷം 4,95,150/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി 2018-19 വർഷത്തേക്കുള്ള ആസൂത്രണ മാർഗ്ഗരേഖയിൽ (11/18) ഖണ്ഡിക 7.6.13-ൽ ഗ്രാമ പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പാക്കിയത് മാർഗ്ഗരേഖാ ലംഘനമാണ്. പിൻവലിച്ച തുക ബിൽ പ്രകാരം സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയത് കൈപ്പറ്റിയതിനുള്ള രേഖകൾ ഒന്നും തന്നെ ഫയലിലില്ല. പ്രോജക്ട് രൂപീകരണ ഫയലുകളോ വിനിയോഗ സാക്ഷ്യപത്രമോ ഫയലിനൊപ്പമില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ രേഖകൾ ഹാജരാക്കാമെന്ന് സൂചിപ്പിച്ചിട്ടുള്ളതിനാൽ ആയത് ഹാജരാക്കുന്നത് വരെ ചെലവ് തുക 4,95,150/- രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി – 13/9.10.2020
ചെലവു തടസ്സം – 4,95,150/- രൂപ

1-21 യാത്രാബത്ത അനുവദിച്ചതിലെ അപാകതകൾ.

തനതുഫണ്ട് വൗച്ചർ പരിശോധിച്ചതിൽ യാത്രാബത്ത അനുവദിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I. <u>ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന് യാത്രാബത്ത അനുവദിച്ചത്.</u>

1. കേരള ഫിനാൻഷ്യൽ കോഡിലേയും കേരള ട്രഷറി കോഡിലേയും നിയമങ്ങൾ ഒരു മാസത്തെ യാത്രാബത്ത ഭാഗികമായി നൽകാൻ അനുവദിക്കുന്നില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് 15.02.2018 മുതൽ 20.02.2018 വരെ നടന്ന സംസ്ഥാനതല ക്ഷീരോത്സവം പഞ്ചായത്ത് ദിനാഘോഷം എന്നിവയ്ക്കുള്ള യാത്രാബത്തയും (9474/-രൂപ) 01.08.2016 മുതൽ 31.05.2018 വരെയുള്ള മറ്റുയാത്രകൾക്കുള്ള യാത്രബത്തയും (17888/-രൂപ) വ്യത്യസ്ഥ ബില്ലുകളായി സമർപ്പിച്ച് അനുവദിച്ചിരിക്കുന്നു. സർക്കുലർ നം. 65/78 ധന 17.08.1978 പ്രകാരം ഒരു ഉദ്യോഗസ്ഥന്റെ ഒരു മാസത്തെ യാത്രാബിൽ ഭാഗികമായി നൽകാൻ പാടില്ല എന്നിരിക്കെ 1.8.16 മുതൽ 31.05.18 വരെയുള്ള കാലയളവിൽ ഉൾപ്പെടുന്ന 2/18 ലെ യാത്രാബത്ത പ്രത്യേക ബില്ലായി അനുവദിച്ചിരിക്കുന്നു. ഒരോ മാസത്തേയും യാത്രാബത്ത ഒറ്റ ബില്ലായി അനുവദിക്കുന്ന രീതി അവലംബിക്കേണ്ടതാണ്.

(Cb No 1/18-19,04.04.2018, ചെക്ക് നം. 4994431/04.04.2018 -9474/-, Cb No. 14/18-19, 08.06.2019, ചെക്ക് നം 0883896/02.07.2018, 17888/-).

2. യാത്രാബത്തയോടൊപ്പം യാത്രയിലെ മുറിവാടകയും അനുവദിച്ചിരിക്കുന്നു.
Cb No. 1/18-19, 04.04.18 പ്രകാരം അനുവദിച്ചിരിക്കുന്ന യാത്രാബത്തയിൽ (9474/- രൂപ) 6474/- രൂപ അർഹമായ യാത്രാബത്തയും 3000/- രൂപ രണ്ട് യത്രകളുടെ മുറിവാടകകളുമാണ്. 15.02.18, 16.02.18 തീയതികളിൽ സംസ്ഥാന ക്ഷീരോത്സവത്തിൽ പങ്കെടുക്കുന്നതിനായി കൊല്ലത്തുനിന്ന് വാടകരയിലേക്കും തിരിച്ചും നടത്തിയ യാത്രയുടെയും, 18.02.18, 19.02.18 തീയതികളിൽ പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കാനായി കൊല്ലത്തുനിന്ന് പെരിന്തൽമണ്ണയിലേക്കും തിരിച്ച് കൊല്ലത്തേക്കും നടത്തിയ യാത്രയുടെയും യാത്രാബത്തയോടൊപ്പം 'ദ റസിഡൻസി, ലോഗൻറോഡ്, തലശ്ശേരി' എന്ന ഹോട്ടലിൽ നിന്നുള്ള 1500/- രൂപയുടെയും, 18.02.18, 19.02.18 തീയതികളിലെ 'സെഞ്ചറി റസിഡൻസി, മഞ്ചേരി' എന്ന ഹോട്ടലിൽ നിന്നുള്ള 750/- രൂപയുടെ രണ്ട് ബില്ലുകൾ പ്രകാരമുള്ള തുകകളും അനുവദിച്ചിരിക്കുന്നു.

ജി.ഒ.പി 265/2004/തസ്വഭവ 13.08.2004 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ യാത്രാബത്ത കേരളസർവീസ് ചട്ടങ്ങൾ അനുസരിച്ച് നിജപ്പെടുത്തിയിരിക്കുന്നതിനാൽ റൂം വാടകയായി അനുവദിച്ചിരിക്കുന്ന 3000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് തിരികെ ഒടുക്കി അറിയിക്കുകയോ ഇത്തരത്തിൽ റൂം വാടക അനുവദിക്കുന്നതിന് ആധാരമായ സർക്കാർ ഉത്തരവ് നിലവലുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതുമാണ്.

II. യാത്രാബത്ത അനുവദിക്കുന്നതിനു പകരം യാത്രാവേളയിലെ ഭക്ഷണചെലവ് അനുവദിച്ചിരിക്കുന്നു.

വൗച്ചർ നം. 10/18-19, 16.05.2018 (ചെക്ക്നം. 1191406/16.05.2018) പ്രകാരം 2017-18 വർഷത്തെ പദ്ധതി വിനിയോഗത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച പഞ്ചായത്തുകളെ ആദരിക്കുന്നതിനായി തിരുവനന്തപുരത്തുവെച്ച നടന്ന ചടങ്ങിൽ പങ്കെടുത്തതിന് കേരള സർവീസ് ചട്ടങ്ങൾ അനുസരിച്ചുള്ള യാത്രാബത്ത അനുവദിക്കുന്നതിന് പകരം യാത്രയിലെ ഭക്ഷണ ചെലവുകൾ അനുവദിച്ചിരിക്കുന്നു (1775/-രൂപ) ആയത് തിരികെ ഒടുക്കേണ്ടതും പകരം പകരം കേരള സർവീസ് ചട്ടങ്ങൾ അനുസരിച്ചുള്ള യാത്രാബത്ത അനുവദിക്കാവുന്നതാണ്.

ഓഡിറ്റ് എൻക്വയറി- 20/9.10.2020

1-22 വിനിയോഗ സാക്ഷ്യപത്രം, മിച്ചം നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച്.

1) ഗുണഭോക്തൃലിസ്റ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം - 17/18-19

പൊതുവിഭാഗം - സാധാരണ വിഹിതം

അടങ്കൽ തുക - 650000/- രൂപ

ചെലവ് തുക - 618450/- രൂപ

ബിൽ നം – 2/18-19, തുക – 518450/- രൂപ, തീയതി – 22/9/18

ബിൽ നം – 4/18-19, തുക – 100000/- രൂപ, തീയതി – 17/10/18

2018-19 വർഷം ശിശുവികസന ഓഫീസർ അഞ്ചാലുംമൂട് നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ഒന്നാണ് ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. പ്രസ്തുത പദ്ധതി പ്രകാരം വിഹിതം കൈപ്പറ്റിയ താഴെ പറയുന്ന പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം, തുക ചെലവഴിച്ചതിൽ മിച്ചം വന്ന തുകയുടെ തിരിച്ചടവിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവിൽ മിച്ചം നിൽക്കുന്ന തുക (രൂപ) |
|---|---|---|---|---|
| 1 | മൺറോത്തുരുത്ത് | 18450/- | ഫയൽ പ്രകാരം തുക പൂർണ്ണമായി ചെലവഴിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | ഇല്ല. |
| 2 | പേരയം | 100000/- | ഫയൽ പ്രകാരം തുക പൂർണ്ണമായി ചെലവഴിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | ഇല്ല. |
| 3 | പനയം | 75000/- | 72800/-(ഫയൽ പ്രകാരം ) | 2200/- |
| 4 | കിഴക്കേ കല്ലട | 150000/- | 141600/- (ഫയൽ പ്രകാരം ) | 8400/- |
| 5 | കുണ്ടറ | 100000/- | 77300/- (ഫയൽ പ്രകാരം ) | 22700/- |

മൺറോതുരുത്ത്, പേരയം എന്നീ പഞ്ചായത്തുകളിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, ചെലവഴിച്ചതിൽ മിച്ചം നിൽക്കുന്ന തുകയുടെ തിരിച്ചടവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ആരാഞ്ഞുനൽകിയ എൻക്വയറിക്ക് (നം. – 9) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവഴിച്ചതിൽ മിച്ചം നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 33,300/- രൂപയും മൺറോത്തുരുത്ത്, പേരയം എന്നീ പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1,18,450/- രൂപയും തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2) പ്രോജക്റ്റ് നടത്തിപ്പിൽ മിച്ചം നിൽക്കുന്ന തുകയുടെ തിരിച്ചടവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് - 13/19 – ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ നടത്തിപ്പിൽ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.

ഫണ്ട് - പൊതുവിഭാഗം സാധാരണവിഹിതം

അടങ്കൽ തുക – 1000000/- രൂപ

ചെലവഴിച്ച തുക - 1000000/- രൂപ

ബിൽ നം - 1/18-19

തുക - 600000/- രൂപ, തീയതി - 22/9/18

ബിൽബുക്ക് നം - 3/18-19

തുക - 400000/- രൂപ, തീയതി – 17/10/18

2018-19 വർഷം ശിശുവികസന ഓഫീസർ, അഞ്ചാലുംമൂട് ഐ.സി.ഡി.എസ് നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ഒന്നാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ നടത്തിപ്പിന് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 22.9.18 ലെ അഞ്ചാലുംമൂട് ഐ.സി.ഡി.എസ് ശിശുവികസന പദ്ധതി ഓഫീസറുടെ NO-512/18 നം. കത്ത് പ്രകാരം 5,00,000/- രൂപ ബ്ലോക്ക് വിഹിതമായി പെരിനാട്ഗ്രാമ പഞ്ചായത്തിന് നൽകിയെങ്കിലും 2,95,488/-രൂപയുടെ വിനിയോഗസാക്ഷ്യപത്രമാണ് നൽകിയത്. മിച്ചം നിൽക്കുന്ന 204512/-രൂപയുടെ തിരിച്ചടവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് ഗ്രാമപഞ്ചായത്തിലേക്ക് പ്രസ്തുത വിവരങ്ങൾ ആരാഞ്ഞ് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക എത്രയും വേഗം തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ മിച്ചം നിൽക്കുന്ന തുകയായ 2,04,512/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 356262/- രൂപ
ഓഡിറ്റ് എൻക്വയറി നം. – 9/9.10.2020

1-23 വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയ 'വീ ഹെൽപ് ' പദ്ധതി ലക്ഷ്യം കണ്ടില്ല

ഓഡിറ്റ് വർഷം വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയായ, 'വി ഹെൽപ് (നം. 49/19) ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 'ഇലക്ട്രീഷൻ, പ്ലംബിംഗ്, പെയിൻ്റിംഗ് തുടങ്ങിയ തൊഴിലെടുക്കുന്നവരുടെ ഡാറ്റാ ബെയ്സ് തയ്യാറാക്കുന്നതിനും അതുപയോഗിച്ച് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി പൊതുജനങ്ങളുടെ ഉപയോഗത്തിനായി നൽകുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി 1 ലക്ഷം രൂപ (വികസന ഫണ്ട് പൊതുവിഭാഗം) വകയിരുത്തുകയും 57000/- രൂപ (വികസന ഫണ്ട് പൊതുവിഭാഗം) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (ബിൽ നം. 6/18-19 തീ. 28-3-19). ഡാറ്റാബേയ്സ് തയ്യാറാക്കലും മൊബൈൽ ആപ്പ് ഡിസൈനും ഡവലപ്മെൻ്റും ടെൻഡർ നടപടികളിലൂടെ ടെക് -ടൈഡ് കൊല്ലം എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്. കരാർ പ്രകാരം ആപ്പിക്കേഷന്റെ മൂന്നു വർഷക്കാലത്തെ മെയിന്റനൻസും ഈ സ്ഥാപനത്തിനാണ്. നിലവിൽ മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തിക്കുന്നില്ല. മാത്രമല്ല 20 ഓളം തൊഴിലാളികളുടെ വിവരം മാത്രമേ ഡേറ്റാ ബെയ്സിൽ ഉൾപ്പെടുത്തിയതായി കാണുന്നുള്ളു. പൊതുജനങ്ങളോ തൊഴിലെടുക്കുന്നവരോ ആരും തന്നെ ഈ പദ്ധതി പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. മേൽകാരണങ്ങളാൽ പദ്ധതി പൂർണ്ണ പരാജയമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയ്ക്കുള്ള

മറുപടിയിൽ നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുന്നതിനും കൂടുതൽ പ്രചാരം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവശ്യകതയുടെയും തുടർ പ്രവർത്തനക്ഷമതയുടെയും അടിസ്ഥാനത്തിൽ മാത്രം ഏറ്റെടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 10/9.10.20

1-24 ഹരിതസമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി കൊയ്ത്തുമെതിയന്ത്രം വാങ്ങി - തുടർനടപടി സ്വീകരിച്ചില്ല.

പ്രോജക്ട് നം - 93/19

അടങ്കൽ തുക – 33,00,000/- രൂപ

അടങ്കൽ വിഹിതം വികസനഫണ്ട് – 30,00,000/- രൂപ

ഗുണഭോക്തൃവിഹിതം - 3,00,000/- രൂപ

ചെലവഴിച്ച തുക - 24,60,970/- രൂപ

ബിൽ നം - 4/18-19, തീയതി - 23/3/19, തുക – 24,60,970/- രൂപ

1. ചിറ്റുമലബ്ലോക്ക് പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം കൃഷി അസി. ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ഹരിതസമൃദ്ധി. എല്ലാ നെൽകർഷകർക്കും പ്രയോജനപ്പെടുത്തുന്നതിനായി പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റേഡ് പാടശേഖര സമിതികളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഭാരവാഹികളെ ഉൾപ്പെടുത്തി ഒരു അപ്പക്സ് ബോഡി രൂപീകരിക്കുന്നതിനും ടി ബോഡി രജിസ്റ്റർ ചെയ്ത് യന്ത്രത്തിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്യുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അംഗീകൃത സ്ഥാപനമായ കെയ്ക്കോയിൽ (KAICO) നിന്നും യന്ത്രം വാങ്ങുന്നതിനായി 33 ലക്ഷം രൂപ അടങ്കൽ വച്ച പദ്ധതിയിൽ 26.2.19 ലെ ഇൻവോയിസ് നം. ക്യൂ-1203/18-19 പ്രകാരം ജി.എസ്.ടി. ഉൾപ്പെടെ യന്ത്രത്തിന്റെ വിലയായി 2617800/- രൂപയും 20.3.19 ലെ ഇൻവോയ്സ് നം. ക്യൂ.1457/18-19 പ്രകാരം അനുബന്ധ വസ്തുക്കൾക്ക് 116612.21/- രൂപയും ഉൾപ്പെടെ ആകെ വില 27,34,412.21/- രൂപയാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 10% ഗുണഭോക്തൃ വിഹിതം കഴിച്ച് ആകെ 90% തുകയായ 24,60,970/-രൂപയാണ് കെയ്ക്കോയ്ക്ക് കൈമാറിയത്. കൈമാറിയ തുകയിൽ യന്ത്രത്തിന്റെ ആകെ വിലയുടെ 90% ഉം അനുബന്ധ വസ്തുക്കളുടെ ആകെ വിലയുടെ 90% ഉം ഉൾപ്പെടുന്നു.ഗുണഭോക്തൃ വിഹിതമിനത്തിൽ നൽകാനുള്ള 10% തുകയായ 2,73,442.21/-രൂപ നാളിതുവരെയായി കെയ്ക്കോയ്ക്ക് കൈമാറിയിട്ടില്ലായെന്നും ആയത് സമിതിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്നും തുകയുടെ വിശദാംശങ്ങൾ രേഖാമൂലം അന്വേഷിച്ചപ്പോൾ ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ നം. 22/2018 തസ്വഭവ തിരുവനന്തപുരം തീയതി 14.02.2018 പ്രകാരം വ്യക്തികൾ/ഗ്രൂപ്പുകൾ/ഗുണഭോക്തൃസമിതികൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉൽപ്പാദനോപാദികളും യന്ത്രോപകരണങ്ങളും നൽകുന്നതിനു മുമ്പായി സബ്സിഡി കഴിച്ചിട്ടുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കായി ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ബ്ലോക്ക് പഞ്ചായത്തിൻെറ രസീത് ഉപയോഗിച്ച് പിരിച്ചെടുത്തിട്ടില്ല. അതിനാൽ തന്നെ ഗുണഭോക്തൃവിഹിതമായ 2,73,442.21/- രൂപ ഗുണഭോക്തൃ സമിതിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കത്തക്കതല്ല. ഈ

വിഷയത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) സബ്സിഡി മാർഗ്ഗരേഖ ഖ.6-1-8 പ്രകാരം കൊയ്ത്തുമെതിയെന്ത്രം വാങ്ങുന്ന പദ്ധതിയിൽ സമിതികൾക്ക് നൽകുന്ന യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, അറ്റകുറ്റ പണികൾക്കുള്ള ചെലവ് എന്നിവ ഏറ്റെടുക്കുന്ന സമിതികൾ തന്നെ വഹിക്കണമെന്നും അപ്രകാരമുള്ള ചെലവുകൾക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനം തുക ചെലവഴിക്കാൻ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി യന്ത്രം സംരക്ഷിക്കുന്നതിന് ടാർപോളിൻ, റാമ്പ് എന്നിവയ്ക്കായി നികുതിയുൾപ്പെടെ 58,000/- രൂപ ഇൻവോയിസിൽ ഉൾപ്പെടുത്തുകയും ആയതിന്റെ 90% തുകയായ 52,200/- രൂപയും കൂടി ചേർന്ന് വരുന്ന തുക സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. പ്രസ്തുത നടപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വികസന ഫണ്ടിൽനിന്നും ഈയിനത്തിൽ ചെലവഴിച്ച 52,200/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ തുക തിരികെ ഈടാക്കി കൺസോളിറ്റേഡ് ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കൂടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ 6-1.8 പ്രകാരം രജിസ്റ്റർ ചെയ്ത പാടശേഖരസമിതികൾക്കാണ് യന്ത്രം കൈമാറേണ്ടത്. എന്നാൽ എൻക്വയറി നം. 6 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സമിതി 2019 മെയ് മാസം 15-ാം തീയതിയിലാണ് രജിസ്റ്റർ ചെയ്തതെന്നും രേഖയുടെ പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. യന്ത്രം വാങ്ങിയതിന് ശേഷമാണ് സമിതിയുടെ രജിസ്ട്രേഷൻ നടന്നതെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം കൊയ്ത്തുമെതിയന്ത്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾകൂടി അവലംബിക്കേണ്ടതാണ്.

2) യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുകയിൽ നിന്ന് അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ നടത്തേണ്ടതാണ്. ഇത് ബന്ധപ്പെട്ട കൃഷി ഓഫീസർ ഉറപ്പാക്കേണ്ടതാണ്. ഇതുസംബന്ധിച്ച റിപ്പോർട്ട് വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ്.

3) നിലവിലുള്ള യന്ത്രോപകരണങ്ങൾ ഉപയോഗിക്കപ്പെടാതെ വീണ്ടും അപ്രകാരമുള്ളവ വാങ്ങാൻ പാടില്ല. വാങ്ങിയ യന്ത്രോപകരണങ്ങൾ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം.

1-25 മരാമത്ത് പ്രവൃത്തികൾ - സെന്ററിംഗ്, ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ച് നൽകി.

അസി. എക്സി. എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ തോടിന്റെ/ഓടയുടെ ഉൾഭാഗത്ത് ഇരുവശങ്ങളിലുമായി സൈഡ് വാൾ കെട്ടുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗ് പ്രവൃത്തി ചെയ്തതിന് ഡി.എസ്.ആർ.-2016 കോഡ് 5.9.6 പ്രകാരം ചതുരശ്ര മീറ്ററിന് 710.94/- രൂപ (കോസ്റ്റ് ഇൻഡക്സ്-51.96%), 692.61/- രൂപ (കോസ്റ്റ് ഇൻഡക്സ്-48.04%) എന്നീ എസ്റ്റിമേറ്റ് നിരക്കുകളുടെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിരക്ക് തൂണുകൾ(columns/pillars), താങ്ങുകൾ(abutment) എന്നിവ നിർമ്മിക്കുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗിന് നൽകുന്ന ഉയർന്ന നിരക്കാണ്. സൈഡ് വാൾ, റീട്ടെയിനിംഗ് വാൾ എന്നിവ നിർമ്മിക്കുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗിന് ഡി.എസ്.ആർ.-2016 കോഡ് 4.3.2(5.9.2) പ്രകാരം ചതുരശ്ര മീറ്ററിന് 575.32/-(കോസ്റ്റ് ഇൻഡക്സ്-51.96%),560.48/-(കോസ്റ്റ് ഇൻഡക്സ്-48.04%) എന്നീ നിരക്കുകളാണ് അനുവദനീയം. ഇത്തരത്തിൽ പ്രസ്തുത 3 പ്രവൃത്തികളിലായി തൻവർഷം ആകെ 56,609/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഭാഗം-3 കാണുക.

1. പ്രോജക്റ്റ് നം. : 82/19(സ്പിൽ ഓവർ)

പേര് : കരിക്കട- മണലിക്കട തോട് സൈഡ് കെട്ടി സ്ലാബിടൽ (തൃക്കരുവ ഗ്രാമപഞ്ചായത്ത്)
അടങ്കൽ : 7,00,000/- രൂപ
ഫണ്ടിനം : വികസന ഫണ്ട് – പൊതുവിഭാഗം
നിർവ്വഹണോദ്യോഗസ്ഥൻ : അസി. എക്സി. എഞ്ചിനീയർ
സാങ്കേതികാനുമതി : നം. 64936/17-18/19.8.17
കരാർ നം. : 10/എ.ഇ.ഇ./17-18/28.12.2017
കരാറുകാരൻ : ശ്രീ. എ. നംഷാദ് (6,64,651)
ചെലവ് : 6,12,284/-രൂപ
ബിൽ നം. 2/12.9.2018 = 1,08,145/- രൂപ
എം.ബുക്ക് നം. : 5/17-18, 22/17-18

2. പ്രോജക്റ്റ് നം. : 46/19
പേര് : സെറ്റിൽമെന്റ് കോളനി മേലേ പള്ളപ്പിൽ ഓട സൈഡ് കെട്ടി സ്ലാബിടൽ (തൃക്കരുവ ഗ്രാമപഞ്ചായത്ത്)
അടങ്കൽ : 6,50,000/-
ഫണ്ടിനം : വികസന ഫണ്ട് - പൊതുവിഭാഗം
നിർവ്വഹണോദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ
സാങ്കേതികാനുമതി : നം. 14117/18-19
കരാർ നം. : 5/എ.ഇ.ഇ./18-19/2.8.2018
കരാറുകാരൻ : ശ്രീ. ആർ. രതീഷ് (6,47,963)
ചെലവ് : 6,47,963/- രൂപ
ബിൽ നം. 29/21.3.2019
എം.ബുക്ക് നം. : 3/18-19

3. പ്രോജക്റ്റ് നം. : 48/19
പേര് : കൊടുവിള കോടിയാട്ടുമുക്ക് – പരിച്ചേരിപ്പാലം റോഡ് ഓട സൈഡ് കെട്ടി സ്ലാബിടൽ (ഈസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത്)
അടങ്കൽ : 6,50,000/-
ഫണ്ടിനം : വികസന ഫണ്ട്-പൊതുവിഭാഗം
നിർവ്വഹണോദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ
സാങ്കേതികാനുമതി : നം. 16151/18-19/21.5.2018
കരാർ നം. : 02/എ.ഇ.ഇ./18-19/24.7.2018
കരാറുകാരൻ : ശ്രീ. വി. സദാശിവൻ (5,93,094)
ചെലവ് : 4,90,783/- രൂപ
ബിൽ നം. 33/28.3.2019
എം.ബുക്ക് നം. : 4/18-19

1-26 മരാമത്ത് പ്രവൃത്തികൾ- മൺപണി ചെയ്തതിന് അധിക നിരക്ക് അനുവദിച്ച് നൽകി.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സെറ്റിൽമെന്റ് കോളനി മേലേ പള്ളപ്പിൽ ഓട സൈഡ് കെട്ടി സ്ലാബിടൽ(തൃക്കരുവ ഗ്രാമപഞ്ചായത്ത്) എന്ന പ്രവൃത്തിക്ക് 2.30 മീറ്റർ വീതിയിൽ സാധാരണ മൺപണി ചെയ്തതിന് ഡി.എസ്.ആർ.-2016 കോഡ്- 2.8.1 പ്രകാരം ക്യൂബിക്

മീറ്ററിന് 246/- രൂപ നിരക്കിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിരക്ക് 1.50 മീറ്ററിൽ കവിയാത്ത വീതിയിൽ മൺപണി ചെയ്യുന്നതിന് നൽകുന്നതാണ്. 1.50 മീറ്ററിൽ കവിഞ്ഞ വീതിയിൽ മൺപണി ചെയ്യുന്നതിന് അനുവദനീയമായത് ഡി.എസ്.ആർ. കോഡ് 2.6.1 പ്രകാരമുള്ള ക്യൂബിക് മീറ്ററിന് 186.46/- രൂപ(കോസ്റ്റ് ഇൻഡക്സ്-48.04%) എന്ന നിരക്കാണ്.

ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം 2,987/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഭാഗം-3 കാണുക.

1-27 റീടാറിംഗ് പ്രവൃത്തികൾ - ബാരലിന്റെ വില ഈടാക്കിയില്ല.

അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ നിലമേൽ കാവിൽകടവ് റോഡ് റീടാറംഗ് എന്ന പ്രവൃത്തിക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ജി.എസ്.ടി.ഉൾപ്പെടെ ബാരലിന്റെ വിലയായ 10,116/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾക്ക് ഭാഗം-3 കാണുക.

1-28 മരാമത്ത് പ്രവൃത്തികൾക്ക് ബ്ലോക്ക് വിഹിതം നൽകിയത്- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല.

അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന പ്രവൃത്തികൾക്കുള്ള ബ്ലോക്ക് വിഹിതം തനതുഫണ്ടിൽ നിന്നും മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരം ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ;

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | നല്കിയ ബ്ലോക്ക് വിഹിതം | ചെലവഴിച്ച തുക (രൂപ) | തിരികെ ലഭിക്കാൻ ബാക്കി നിൽക്കുന്ന തുക (രൂപ) |
|---|---|---|---|---|
| 1. | പ്രോജക്റ്റ് നം. : 119/19<br>പ്രവൃത്തിയുടെ പേര്: മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്- പുളിമൂട്ടിൽ പാണ്ട്യാല റോഡ് കോൺക്രീറ്റിംഗ്.<br>അടങ്കൽ: 60,000/-<br>ചെക്ക് നം.: 1997894/28.3.2019 | 60,000/- | 24,325/- | 35,675/- |
| 2. | പ്രോജക്റ്റ് നം. : 120/19<br>പ്രവൃത്തിയുടെ പേര്: മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്- വള്ളിത്തറ അമ്പഴവയലിൽ റോഡ് കോൺക്രീറ്റിംഗ്.<br>അടങ്കൽ: 80,000/-<br>ചെക്ക് നം.: 1997894/28.3.2019 | 80,000/- | 73,484/- | 6,516/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ സൂചിപ്പിച്ച തുകകൾ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.17/8.10.2020

1-29 മികവ്' പദ്ധതിയിൽ ചെലവഴിച്ച ശേഷം ബാക്കി വന്ന തുകകൾ കൈവശം സൂക്ഷിക്കുന്നു.

| | |
|---|---|
| പദ്ധതി | മികവ്' 26/19 |
| നിർവ്വഹണം | എസ്.സി.ഡി.ഒ |
| അടങ്കൽ | 5,00,000/- രൂപ (എസ്.സി.പി. ഫണ്ട്) |
| ചെലവ് | 4,64,626/- രൂപ<br>ബിൽ നം, 30/18-19 തീ. 30-1-19 – 360240/- രൂപ<br>54/18-19 തീ. 25-3-19 – 104386/-രൂപ |

മികവ്' പദ്ധതിയിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുന്നതിനായി ഓഡിറ്റ് വർഷം 464626/- രൂപ ബ്ലോക്ക് പരിധിയിലെ 12 സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സ്കൂളുകൾ ഹാജരാക്കിയ വൗച്ചർ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചതായി കാണുന്നില്ല. മാത്രമല്ല സ്കൂളുകൾ ചെലവഴിച്ചതിനു ശേഷം ബാക്കി വന്ന തുക നേരിട്ട് ട്രഷറിയിൽ തിരിച്ചടച്ചതായും കാണുന്നു. ഓരോ സ്കൂളുകൾക്കും നൽകിയ തുക, അവർ ചെലവഴിച്ച തുക, തിരികെ അടവാക്കിയതും അടവാക്കാൻ ശേഷിക്കുന്നതുമായ തുക സംബന്ധിച്ച വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അനുബന്ധ വൗച്ചറുകൾ സഹിതം ഓഡിറ്റിന് ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 5 സ്കൂളുകളുകൾ ചെലവഴിച്ച ശേഷം ബാക്കി വന്ന തുകകൾ കൈവശം വെച്ചിരിക്കുന്നതായി സൂചിപ്പിച്ചിരിക്കുന്നു. വിശദവിവരം ഭാഗം - 3 ൽ ചേർക്കുന്നു.

1-30 ഭേദഗതി അംഗീകാരം വാങ്ങാതെ പ്രോജക്ട് നടപ്പാക്കി

നിർവ്വഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

ബ്ലോക്കു പഞ്ചായത്തിലെ ഇന്റർ കോം വിപുലീകരണം (124/19) എന്ന പദ്ധതിയിൽ തനതു ഫണ്ടിൽ നിന്നും 34325/- രൂപ അടങ്കൽ നിശ്ചയിച്ച് അംഗീകാരം വാങ്ങുകയും അടങ്കലിൽ നിന്നും അധികമായി 42,403/ - രൂപ ചെലവിൽ പദ്ധതി നടപ്പാക്കുകയും ചെയ്തു. ജനറൽ കമ്മിറ്റിയുടെ 25-7-18 ലെ 5 (3) തീരുമാനപ്രകാരം പദ്ധതി ഭേദഗതി ചെയ്ത് അംഗീകാരം വാങ്ങാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയെങ്കിലും ഭേദഗതി അംഗീകാരം ലഭിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. ഭേദഗതി അംഗീകാരം വാങ്ങാതെ അടങ്കലിൽ അധികമായി ചെലവ് നടത്തുന്നത് ക്രമമല്ല. ഈ വിഷയത്തിൽ സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങേണ്ടതും ക്രമക്കേട് പരിഹരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി – 18/12-10 -20

1-31 പഴയ ക്യാബിൻ മെറ്റീരിയൽസിന്റെ വിശദമായ സ്ക്രാപ്പ് വാല്യു കണക്കാക്കാതെ കൈമാറ്റം നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് ക്യാബിൻ നവീകരണം എന്ന പദ്ധതിയിൽ റേറ്റ് കോൺട്രാക്ട് സ്ഥാപനമായ മീനച്ചൽ റബ്ബർ വുഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് പദ്ധതി നിർവ്വഹണം ലഭിച്ചത്. സ്ഥാപനം നൽകിയ 16,39,935/- രൂപയുടെ എസ്റ്റിമേറ്റിൽ നിന്നും നെഗോസിയേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 8500/- രൂപയുടെ കിഴിവ് ലഭ്യമായിട്ടുണ്ട്. എന്നാൽ പഴയ ക്യാബിൻ സാമഗ്രികൾ പ്രസ്തുത സ്ഥാപനം നേരിട്ട് ഏറ്റെടുത്തതിന്റെ ഭാഗമായി 16500/- രൂപയുടെ കിഴിവ് കൂടി നൽകി കാണുന്നു. ആയതിനാൽ പഴയ ക്യാബിൻ മെറ്റിരിയൽസിന്റെ വിശദമായ സ്ക്രാപ്പ്

വാല്യ ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി - 13/9-10-20 നുള്ള മറുപടിയിൽ സ്ക്രാപ്പ് വാല്യ കണക്കാക്കാതെയാണ് കൈമാറ്റം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. ആവശ്യമായ നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മരാമത്ത് പ്രവൃത്തികൾ- സെന്ററിംഗ്, ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ച് നൽകി- 56,609/- രൂപ നിരാകരിക്കുന്നു.

(1). പ്രോജക്റ്റ് നം. : 82/19 (സ്പിൽ ഓവർ)
പേര് : കരിക്കട- മണലിക്കട തോട് സൈഡ് കെട്ടി സ്ലാബിടൽ (തൃക്കരുവ ഗ്രാമപഞ്ചായത്ത്)
അടങ്കൽ: 7,00,000/- രൂപ
ഫണ്ടിനം : വികസന ഫണ്ട്-പൊതുവിഭാഗം
നിർവ്വഹണോദ്യോഗസ്ഥൻ : അസി. എക്സി. എഞ്ചിനീയർ
സാങ്കേതികാനുമതി : നം.64936/17-18/19.8.17
കരാർ നം. : 10/എ.ഇ.ഇ./17-18/28.12.2017
കരാറുകാരൻ : ശ്രീ എ.നംഷാദ് (6,64,651)
ചെലവ് : 6,12,284/- രൂപ
ബിൽ നം. 2/12.9.2018 = 1,08,145
എം.ബുക്ക് നം. : 5/17-18, 22/17-18

അസി. എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കരിക്കട - മണലിക്കട തോട് സൈഡ് കെട്ടി സ്ലാബിടൽ(തൃക്കരുവ ഗ്രാമപഞ്ചായത്ത്) എന്ന പ്രവൃത്തിയുടെ മൂന്നാമിനമായി തോടിന്റെ ഉൾഭാഗത്ത് ഇരുവശങ്ങളിലുമായി സൈഡ് വാൾ കെട്ടുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗ് പ്രവൃത്തി 251.49 ചതുരശ്ര മീറ്റർ ചെയ്തതിന് ഡി.എസ്.ആർ.-2016 കോഡ് 5.9.6 പ്രകാരം ചതുരശ്ര മീറ്ററിന് 710.94/- രൂപ (കോസ്റ്റ് ഇൻഡക്സ്-51.96%) എന്ന എസ്റ്റിമേറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ ക്വോട്ട് ചെയ്ത ചതുരശ്ര മീറ്ററിന്675.94 എന്ന നിരക്കിൽ പരിമിതപ്പെടുത്തി 1,69,992/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിരക്ക് തൂണുകൾ(columns/pillars), താങ്ങുകൾ(abutment) എന്നിവ നിർമ്മിക്കുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗിന് നൽകുന്ന ഉയർന്ന നിരക്കാണ്. സൈഡ് വാൾ, റീട്ടെയിനിംഗ് വാൾ എന്നിവ നിർമ്മിക്കുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗിന് ഡി.എസ്.ആർ.-2016 കോഡ് 4.3.2(5.9.2) പ്രകാരം ചതുരശ്ര മീറ്ററിന് 575.32/-(കോസ്റ്റ് ഇൻഡക്സ്-51.96%) എന്ന നിരക്കാണ് അനുവദനീയം.

(2). പ്രോജക്റ്റ് നം. : 46/19
പേര് : സെറ്റിൽമെന്റ് കോളനി മേലേ പള്ളപ്പിൽ ഓട സൈഡ് കെട്ടി സ്ലാബിടൽ (തൃക്കരുവ ഗ്രാമപഞ്ചായത്ത്)
അടങ്കൽ : 6,50,000/- രൂപ

ഫണ്ടിനം : വികസന ഫണ്ട്-പൊതുവിഭാഗം
നിർവ്വഹണോദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ
സാങ്കേതികാനുമതി : നം.14117/18-19
കരാർ നം. : 5/എ.ഇ.ഇ./18-19/2.8.2018
കരാറുകാരൻ : ശ്രീ. ആർ. രതീഷ് (6,47,963)
ചെലവ് : 6,47,963/-രൂപ
ബിൽ നം. 29/21.3.2019
എം.ബുക്ക് നം. : 3/18-19

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സെറ്റിൽമെന്റ് കോളനി മേലേ പള്ളപ്പിൽ ഓട സൈഡ് കെട്ടി സ്ലാബിടൽ(തൃക്കരുവ ഗ്രാമപഞ്ചായത്ത്) എന്ന പ്രവൃത്തിയുടെ അഞ്ചാമിനമായി ഓടയുടെ ഉൾഭാഗത്ത് ഇരുവശങ്ങളിലുമായി സൈഡ് വാൾ കെട്ടുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗ് പ്രവൃത്തി 159.6 ചതുരശ്ര മീറ്റർ ചെയ്തതിന് ഡി.എസ്.ആർ.-2016 കോഡ് 5.9.6 പ്രകാരം ചതുരശ്ര മീറ്ററിന് 692.60/- രൂപ (കോസ്റ്റ് ഇൻഡക്സ്-48.04%) എന്ന എസ്റ്റിമേറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ ക്വോട്ട് ചെയ്ത ചതുരശ്ര മീറ്ററിന്690 എന്ന നിരക്കിൽ പരിമിതപ്പെടുത്തി 1,10,124/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിരക്ക് ത്തൂണുകൾ(columns/pillars), താങ്ങുകൾ(abutment) എന്നിവ നിർമ്മിക്കുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗിന് നൽകുന്ന ഉയർന്ന നിരക്കാണ്. സൈഡ് വാൾ, റീട്ടെയിനിംഗ് വാൾ എന്നിവ നിർമ്മിക്കുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗിന് ഡി.എസ്.ആർ.-2016 കോഡ് 4.3.2(5.9.2) പ്രകാരം ചതുരശ്ര മീറ്ററിന് 560.48/-(കോസ്റ്റ് ഇൻഡക്സ്-48.04%) എന്ന നിരക്കാണ് അനുവദനീയം.

(3). പ്രോജക്റ്റ് നം. : 48/19
പേര് : കൊടുവിള കോടിയാട്ടുമുക്ക്-പരിച്ചേരിപ്പാലം റോഡ് ഓട സൈഡ് കെട്ടി സ്ലാബിടൽ(ഈസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത്)
അടങ്കൽ : 6,50,000/- രൂപ
ഫണ്ടിനം : വികസന ഫണ്ട്-പൊതുവിഭാഗം
നിർവ്വഹണോദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ
സാങ്കേതികാനുമതി : നം.16151/18-19/21.5.2018
കരാർ നം. : 02/എ.ഇ.ഇ./18-19/24.7.2018
കരാറുകാരൻ : ശ്രീ വി.സദാശിവൻ (5,93,094)
ചെലവ് : 4,90,783/-രൂപ
ബിൽ നം. 33/28.3.2019
എം.ബുക്ക് നം. : 4/18-19

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കൊടുവിള കോടിയാട്ടുമുക്ക്-പരിച്ചേരിപ്പാലം റോഡ് ഓട സൈഡ് കെട്ടി സ്ലാബിടൽ(ഈസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത്) എന്ന പ്രവൃത്തിയുടെ മൂന്നാമിനമായി ഓടയുടെ ഉൾഭാഗത്ത് ഇരുവശങ്ങളിലുമായി സൈഡ് വാൾ കെട്ടുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗ് പ്രവൃത്തി 148.666 ചതുരശ്ര മീറ്റർ ചെയ്തതിന് ഡി.എസ്.ആർ.-2016 കോഡ് 5.9.6 പ്രകാരം ചതുരശ്ര മീറ്ററിന് 692.61/- രൂപ (കോസ്റ്റ് ഇൻഡക്സ്-48.04%) എന്ന എസ്റ്റിമേറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ ക്വോട്ട് ചെയ്ത ചതുരശ്ര മീറ്ററിന്632/-രൂപ നിരക്കിൽ പരിമിതപ്പെടുത്തി 93,957/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിരക്ക് ത്തൂണുകൾ(columns/pillars), താങ്ങുകൾ(abutment) എന്നിവ നിർമ്മിക്കുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗിന് നൽകുന്ന ഉയർന്ന നിരക്കാണ്. സൈഡ് വാൾ, റീട്ടെയിനിംഗ് വാൾ

എന്നിവ നിർമ്മിക്കുന്നതിനുള്ള സെന്ററിംഗ്, ഷട്ടറിംഗിന് ഡി.എസ്.ആർ.-2016 കോഡ് 4.3.2(5.9.2) പ്രകാരം ചതുരശ്ര മീറ്ററിന് 560.48/-(കോസ്റ്റ് ഇൻഡക്സ്-48.04%) എന്ന നിരക്കാണ് അനുവദനീയം. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു;

1. കരിക്കട- മണലിക്കട തോട് സൈഡ് കെട്ടി സ്ലാബിടൽ(തൃക്കരുവ ഗ്രാമപഞ്ചായത്ത്):

അനുവദിച്ച നിരക്ക് : 251.49 x 675.94 = 169992/- രൂപ

അനുവദനീയമായ നിരക്ക് : 251.49 x 575.32 = 144687 /- രൂപ

അധികം നൽകിയത് : 25,305/- രൂപ

2. സെറ്റിൽമെന്റ് കോളനി മേലേ പള്ളപ്പിൽ ഓട സൈഡ് കെട്ടി സ്ലാബിടൽ(തൃക്കരുവ ഗ്രാമപഞ്ചായത്ത്)

അനുവദിച്ച നിരക്ക് : 159.60 x 690 = 110124/- രൂപ

അനുവദനീയമായ നിരക്ക് : 159.60 x 560.48 = 89453/- രൂപ

അധികം നൽകിയത് : 20,671/- രൂപ

3. കൊട്ടുവിള കോടിയാട്ടുമുക്ക്-പരിച്ചേരിപ്പാലം റോഡ് ഓട സൈഡ് കെട്ടി സ്ലാബിടൽ(ഈസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത്)

അനുവദിച്ച നിരക്ക് : 148.666 x 632 = 93,957/- രൂപ

അനുവദനീയമായ നിരക്ക് : 148.666 x 560.48 = 83,324/- രൂപ

അധികം നൽകിയത് : 10,633/- രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബന്ധപ്പെട്ട കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ ആകെ തുകയായ 56,609/- രൂപ ബന്ധപ്പെട്ട കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥരിൽനിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/7.10.2020, 8/9.10.2020.

3-2 മരാമത്ത് പ്രവൃത്തികൾ- മൺപണി ചെയ്തതിന് അധിക നിരക്ക് അനുവദിച്ച് നൽകി-2,987/- രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് നം. : 46/19

പേര് : സെറ്റിൽമെന്റ് കോളനി മേലേ പള്ളപ്പിൽ ഓട സൈഡ് കെട്ടി സ്ലാബിടൽ(തൃക്കരുവ ഗ്രാമപഞ്ചായത്ത്)

അടങ്കൽ : 6,50,000/-

ഫണ്ടിനം : വികസന ഫണ്ട്-പൊതുവിഭാഗം

നിർവ്വഹണോദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

സാങ്കേതികാനുമതി: നം.14117/18-19

കരാർ നം.: 5/എ.ഇ.ഇ./18-19/2.8.2018

കരാറുകാരൻ : ശ്രീ. ആർ. രതീഷ് (6,47,963)

ചെലവ് : 6,47,963/-രൂപ

ബിൽ നം. 29/21.3.2019

എം.ബുക്ക് നം. : 3/18-19

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സെറ്റിൽമെന്റ് കോളനി മേലേ പള്ളപ്പിൽ ഓട സൈഡ് കെട്ടി സ്ലാബിടൽ(തൃക്കരുവ ഗ്രാമപഞ്ചായത്ത്) എന്ന പ്രവൃത്തിയുടെ

ഒന്നാമിനമായി 2.30 മീറ്റർ വീതിയിൽ 50.161 ക്യുബിക് മീറ്റർ സാധാരണ മൺപണി ചെയ്തതിന് ഡി.എസ്.ആർ.-2016 കോഡ്- 2.8.1 പ്രകാരം ക്യുബിക് മീറ്ററിന് 246/- രൂപ നിരക്കിൽ 12,340/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിരക്ക് 1.50 മീറ്ററിൽ കവിയാത്ത വീതിയിൽ മൺപണി ചെയ്യുന്നതിന് നൽകുന്നതാണ്. 1.50 മീറ്ററിൽ കവിഞ്ഞ വീതിയിൽ മൺപണി ചെയ്യുന്നതിന് അനുവദനീയമായത് ഡി.എസ്.ആർ. കോഡ് 2.6.1 പ്രകാരമുള്ള ക്യുബിക് മീറ്ററിന് 186.46/- രൂപ(കോസ്റ്റ് ഇൻഡക്സ്-48.04%) എന്ന നിരക്കാണ്.
ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു;

അനുവദിച്ച നിരക്ക് : 50.161 x 246 = 12,340/- രൂപ
അനുവദനീയമായ നിരക്ക് : 50.161 x 186.46 = 9,353/- രൂപ
അധികം നൽകിയത് : 2,987/- രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബന്ധപ്പെട്ട കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ 2,987/- രൂപ ബന്ധപ്പെട്ട കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 5/8.10.2020

3-3 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.

അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തിക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (രൂപ) (238+18% ജി.എസ്.ടി.) |
|---|---|---|---|---|
| 1. | പ്രോജക്റ്റ് നം. : 83/19(സ്പിൽ ഓവർ)<br>പ്രവത്തിയുടെ പേര് : കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്- നിലമേൽ കാവിൽകടവ് റോഡ് റീടാറിംഗ്.<br>അടങ്കൽ : 11,00,000/-<br>ഫണ്ടിനം : വികസന ഫണ്ട്- പൊതുവിഭാഗം, ഗ്രാമപഞ്ചായത്ത് വിഹിതം,തനതുഫണ്ട്<br><br>കരാർ നം. : 16/എ.ഇ.ഇ./17-18 /12.3.2018<br>കരാറുകാരൻ : ശ്രീ. ബി. പ്രവീൺ<br>എം.ബുക്ക് നം. : 5/17-18<br>ചെലവ് : 10,29,258/-രൂപ<br>ബിൽ നം.: | 4761+1116 | 36 | 10,116 |

| | | | | |
|---|---|---|---|---|
| | 1/18.7.2018=7,96,711/-രൂപ<br>ചെക്ക് നം.:<br>7973820=2,32,547/-രൂപ | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബന്ധപ്പെട്ട കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ജി.എസ്.ടി.ഉൾപ്പെടെ ബാരലിന്റെ വിലയായ 10,116/-രൂപ ബന്ധപ്പെട്ട കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/9.10.2020
നഷ്ടതുക – 10116/- രൂപ.

3-4 യാത്രാബത്തയിനത്തിൽ അധികം തുക അനുവദിച്ചു,നിരാകരിക്കുന്ന തുക 4775/-രൂപ
തനതുഫണ്ട് വൗച്ചർ പരിശോധിച്ചതിൽ യാത്രാബത്ത അനുവദിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന് യാത്രാബത്ത അനുവദിച്ചത്.

1. കേരള ഫിനാൻഷ്യൽ കോഡിലേയും കേരള ട്രഷറി കോഡിലേയും നിയമങ്ങൾ ഒരു മാസത്തെ യാത്രാബത്ത ഭാഗികമായി നൽകാൻ അനുവദിക്കുന്നില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് 15.02.2018 മുതൽ 20.02.2018 വരെ നടന്ന സംസ്ഥാനതല ക്ഷീരോത്സവം പഞ്ചായത്ത് ദിനാഘോഷം എന്നിവയ്ക്കുള്ള യാത്രാബത്തയും (9474/-രൂപ) 01.08.2016 മുതൽ 31.05.2018 വരെയുള്ള മറ്റുയാത്രകൾക്കുള്ള യാത്രബത്തയും (17888/-രൂപ) വ്യത്യസ്ത ബില്ലുകളായി സമർപ്പിച്ച് അനുവദിച്ചിരിക്കുന്നു. സർക്കുലർ നം. 65/78 ധന 17.08.1978 പ്രകാരം ഒരു ഉദ്യോഗസ്ഥന്റെ ഒരു മാസത്തെ യാത്രാബിൽ ഭാഗികമായി നൽകാൻ പാടില്ല എന്നിരിക്കെ 1.8.16 മുതൽ 31.05.18 വരെയുള്ള കാലയളവിൽ ഉൾപ്പെടുന്ന 2/18 ലെ യാത്രാബത്ത പ്രത്യേക ബില്ലായി അനുവദിച്ചിരിക്കുന്നു. ഒരോ മാസത്തേയും യാത്രാബത്ത ഒറ്റ ബില്ലായി അനുവദിക്കുന്ന രീതി അവലംബിക്കേണ്ടതാണ്.

(Cb No 1/18-19,04.04.2018, ചെക്ക് നം. 4994431/04.04.2018 -9474/-, Cb No. 14/18-19, 08.06.2019, ചെക്ക് നം 0883896/02.07.2018, 17888/-).

2. യാത്രാബത്തയോടൊപ്പം യാത്രയിലെ മുറിവാടകയും അനുവദിച്ചിരിക്കുന്നു.
Cb No. 1/18-19, 04.04.18 പ്രകാരം അനുവദിച്ചിരിക്കുന്ന യാത്രാബത്തയിൽ (9474/- രൂപ) 6474/- രൂപ അർഹമായ യാത്രാബത്തയും 3000/- രൂപ രണ്ട് യത്രകളുടെ മുറിവാടകകളുമാണ്. 15.02.18, 16.02.18 തീയതികളിൽ സംസ്ഥാന ക്ഷീരോത്സവത്തിൽ പങ്കെടുക്കുന്നതിനായി കൊല്ലത്തുനിന്ന് വാടകരയിലേക്കും തിരിച്ചും നടത്തിയ യാത്രയുടെയും, 18.02.18, 19.02.18 തീയതികളിൽ പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കാനായി കൊല്ലത്തുനിന്ന് പെരിന്തൽമണ്ണയിലേക്കും തിരിച്ച് കൊല്ലത്തേക്കും നടത്തിയ യാത്രയുടെയും യാത്രാബത്തയോടൊപ്പം 'ദ റസിഡൻസി, ലോഗൻറോഡ്, തലശ്ശേരി' എന്ന ഹോട്ടലിൽ നിന്നുള്ള 1500/- രൂപയുടെയും, 18.02.18, 19.02.18 തീയതികളിലെ 'സെഞ്ചറി റസിഡൻസി, മഞ്ചേരി' എന്ന ഹോട്ടലിൽ നിന്നുള്ള 750/- രൂപയുടെ രണ്ട് ബില്ലുകൾ പ്രകാരമുള്ള തുകകളും അനുവദിച്ചിരിക്കുന്നു.

ജി.ഒ.പി 265/2004/തസ്വഭവ 13.08.2004 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ യാത്രാബത്ത കേരളസർവീസ് ചട്ടങ്ങൾ അനുസരിച്ച് നിജപ്പെടുത്തിയിരിക്കുന്നതിനാൽ റൂം വാടകയായി അനുവദിച്ചിരിക്കുന്ന 3000/- രൂപ ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. ആയത് തിരികെ ഒടുക്കി അറിയിക്കുകയോ ഇത്തരത്തിൽ റൂം വാടക അനുവദിക്കുന്നതിന് ആധാരമായ സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതുമാണ്.

II. യാത്രാബത്ത അനുവദിക്കുന്നതിനു പകരം യാത്രാവേളയിലെ ഭക്ഷണചെലവ് അനുവദിച്ചിരിക്കുന്നു .

വൗച്ചർ നം. 10/18-19, 16.05.2018 (ചെക്ക്നം. 1191406/16.05.2018) പ്രകാരം 2017-18 വർഷത്തെ പദ്ധതി വിനിയോഗത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച പഞ്ചായത്തുകളെ ആദരിക്കുന്നതിനായി തിരുവനന്തപുരത്തുവെച്ച് നടന്ന ചടങ്ങിൽ പങ്കെടുത്തതിന് കേരള സർവീസ് ചട്ടങ്ങൾ അനുസരിച്ചുള്ള യാത്രാബത്ത അനുവദിക്കുന്നതിന് പകരം യാത്രയിലെ ഭക്ഷണ ചെലവുകൾ അനുവദിച്ചിരിക്കുന്നു (1775/-രൂപ) ആയത് തിരികെ ഒടുക്കേണ്ടതും പകരം പകരം കേരള സർവീസ് ചട്ടങ്ങൾ അനുസരിച്ചുള്ള യാത്രാബത്ത അനുവദിക്കാവുന്നതാണ്.

ഓഡിറ്റ് എൻക്വയറി- 20/9.10.2020
നഷ്ടതുക – 4775/- രൂപ

3-5 മികവ്' പദ്ധതിയിൽ ചെലവഴിച്ച ശേഷം ബാക്കി വന്ന തുകകൾ കൈവശം വെച്ചിരിക്കുന്നു നഷ്ടം- 35158/-രൂപ

| | |
|---|---|
| പദ്ധതി | മികവ്' 26/19 |
| നിർവ്വഹണം | എസ്.സി.ഡി.ഒ |
| അടങ്കൽ | 5,00,000/- രൂപ |
| ചെലവ് | 4,64,626/- രൂപ<br>ബിൽ നം, 30/18-19 തീ. 30-1-19 – 360240/- രൂപ<br>54/18-19 തീ. 25-3-19 – 104386/- രൂപ |

മികവ്' പദ്ധതിയിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുന്നതിനായി ഓഡിറ്റ് വർഷം 464626/- രൂപ ബ്ലോക്ക് പരിധിയിലെ 12 സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സ്കൂളുകൾ ഹാജരാക്കിയ വൗച്ചർ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചതായി കാണുന്നില്ല. മാത്രമല്ല സ്കൂളുകൾ ചെലവഴിച്ചതിനു ശേഷം ബാക്കി വന്ന തുക നേരിട്ട് ട്രഷറിയിൽ തിരിച്ചടച്ചതായും കാണുന്നു. ഓരോ സ്കൂളുകൾക്കും നൽകിയ തുക, അവർ ചെലവഴിച്ച തുക, തിരികെ അട വാക്കിയതും അടവാക്കാൻ ശേഷിക്കുന്നതുമായ തുക സംബന്ധിച്ച വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അനുബന്ധ വൗച്ചറുകൾ സഹിതം ഓഡിറ്റിന് ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 5 സ്കൂളുകളുകൾ ചെലവഴിച്ച ശേഷം ബാക്കി വന്ന തുകകൾ കൈവശം സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ട്രഷറിയിൽ തിരിച്ചടച്ച തുക (രൂപ) | കൈവശമുള്ള തുക (രൂപ) |
|---|---|---|---|---|---|
| 1 | എസ്.എൻ.വി .എച്ച്.എസ്സ്, തൃക്കരുവ | 23728 | 18880 | 600 | 4248 |

| | | | | | |
|---|---|---|---|---|---|
| 2 | വി.വിഎച്ച്. എസ്സ്. വെള്ളിമൺ | 28160 | 23200 | - | 4960 |
| 3 | എൻ.എസ്സ്.എസ്സ്.എച്ച്.എസ്, പ്രാക്കുളം | 50152 | 40488 | - | 9664 |
| 4 | സെൻറ്.മാർഗ്രറ്റ് എച്ച്.എസ്, കാഞ്ഞിരകോട് | 30900 | 20880 | 3400 | 6620 |
| 5 | എം.എംഎച്ച്.എസ്,ഉപ്പൂട് | 27666 | 16900 | 1100 | 9666 |
| | | | | | 35158 |

ചെലവഴിക്കാതെ കൈവശം വെച്ചിരിക്കുന്ന തുക35158/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക പിൻവലിച്ച് നൽകിയ തീയതി മുതൽ തിരിച്ചടയ്ക്കുന്ന തീയതി വരെ 18% പിഴപ്പലിശ ഉൾപ്പെടെ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകരിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നോ ഇടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 12/ 9-10-20
നഷ്ടം - 35158/- രൂപ

3-6 വാല്യൂവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി.

വിദ്യാദീപം - പദ്ധതിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ഗ്രാമ/നഗര സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി. കൂടാതെ പഠനമുറിക്കായി 1,00,000/- രൂപ വീതം അനുവദിക്കുന്ന പദ്ധതിയിൽ വാല്യൂവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി. വിശദ വിവരങ്ങളും പദ്ധതി നടത്തിപ്പിലെ അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പദ്ധതി, നം | വിദ്യാദീപം, (87/19) |
| അടങ്കൽ തുക | 17,50,000/രൂപ (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് തുക | 14,40,000/- രൂപ<br>(ബിൽ നം. 1/18-19/19.5.18 – 10,50,000)<br>(ബിൽ നം. 2/18-19/25.7.18 – 2,50,000)<br>(ബിൽ നം. 3/18-19/14.9.18 - 80,000)<br>(ബിൽ നം. 39/18-19/13.2.19 - 40,000)<br>(ബിൽ നം. 51/18-19/15.3.19 - 20,000) |

1.വിദ്യാദീപം പദ്ധതി പ്രകാരം 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് പഠനം നടത്തുന്നതിന് ഭവനത്തോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിനായി 1,00,000/- രൂപ വീതം സഹായം നൽകുന്നു. സ്പിൽഓവർ പദ്ധതി ആയതിനാൽ 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രാമ/നഗര സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കേണ്ട പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി. (2017-18 ൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് മേൽപദ്ധതി മേൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയില്ലായിരുന്നു.)

2.വാല്യൂവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | ഗ്രാമ പഞ്ചായത്തിന്റെ പേര് | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള നിരക്ക് | അനുവദിച്ച് നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| അജേഷ് കുമാർ | തൃക്കരുവ ഗ്രാമ | 99,538 | 1,00,000 | 462 |

| | | | | |
|---|---|---|---|---|
| ആലുവിള അഷ്ടമുടി | പഞ്ചായത്ത് | | | |
| അക്ഷയ ചന്ദ്രോദയം ചിറ്റുമല | കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത് | 76,767 | 90,000 | 13,233/- |
| | | | ആകെ | 13,695/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ തുക കുറവാണെന്നും പണി പൂർത്തീകരിക്കുന്നതിന് മുൻപായി ഒരു ലക്ഷം രൂപയ്ക്ക് മേൽ വാല്യുവേഷൻ വാങ്ങി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നുമെന്നാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും പണി പണിപൂർത്തീകരിച്ചതിനുശേഷമുള്ള പെരിനാട് ഗ്രാമപഞ്ചായത്ത്, കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത് ഓവർസിയർമാരുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. ഈ ഇനത്തിൽ അധികം നൽകിയിട്ടുള്ള 13,695/- രൂപ തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്. ഇതു കൂടാതെ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ഗ്രാമ/നഗര തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ട പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയത് അംഗീകരിക്കാൻ കഴിയില്ല. സർക്കാരിൽനിന്ന് അനുമതി വാങ്ങി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 12/09.10.20
നിരാകരിച്ച തുക – 13,695/- രൂപ

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.7.2019 | കെ.എസ്സ്.എ-കെ.എൽ.എം.പി4/1213 /2019,<br>തീയതി 06.09.2019 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പനയം ഗ്രാമപഞ്ചായത്ത് | 2018-19 | 329008/- | പനയം ഗ്രാമപഞ്ചായത്ത് 41ാം നമ്പർ അംഗൻവാടി കെട്ടിടം | 329008/- | 0 |
| കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | 2018-19 | 232547/- | കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ നിലമേൽ കാവിൽക്കടവ് റോഡ് റീടാറിംഗ് | 232547/- | 0 |

| | | | | | |
|---|---|---|---|---|---|
| പനയം ഗ്രാമപഞ്ചായത്ത് | 2018-19 | 70000/- | PMAY – (ജനറൽ) | 70,000/- | 0 |
| കുണ്ടറ ഗ്രാമപഞ്ചായത്ത് | 2018-19 | 75000/- | PMAY – (എസ്.സി) | 75,000/- | 0 |
| ജില്ല പഞ്ചായത്ത് | 2018-19 | 10506693/- | ലൈഫ് (എസ്.സി., ജനറൽ) | 1,05,06,693/- | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 792500/- രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 792500/- രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 792500/- രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 16.07.2013 | 72 മാസം | 135000 | ശ്രീ. ഓമനക്കുട്ടൻ പിള്ള (റൂം നം 6) |
| 2 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 75000 | ശ്രീമതി. ഷീല, (വർക്ക്ഷെഡ്) |
| 3 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 16.07.2013 | 72 മാസം | 90500 | ഡി. ജോക്കബ് (റൂം നം 3) |
| 4 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 60000 | ശ്രീ. രാജേഷ് കുമാർ (റൂം നം 9) |
| 5 | പേരയം സർവ്വീസ് | 13.08.2015 | 60 മാസം | 150000 | ശ്രീ. ബൈജു |

| | | | | | |
|---|---|---|---|---|---|
| | കോപ്പറേറ്റീവ് ബാങ്ക് | | | | (റൂം നം 4) |
| 6 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 25000 | ശ്രീ. സുന്ദരേശൻ പിള്ള (ഷെഡ്) |
| 7 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 19.10.2015 | 60 മാസം | 32000 | ശ്രീ. ഗോപകുമാർ<br>(റൂം നം 8) |
| 8 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 08.10.2015 | 60 മാസം | 30000 | ശ്രീ. ഷിബുകുര്യക്കോസ്<br>(റൂം നം 5) |
| 9 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 23.08.2017 | 36 മാസം | 195000 | ശ്രീ. ജയദേവൻ |
| ആകെ | | | | 792500/- | |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2012-13, 2013-14 | 3-18 (2) | 2500/- | ശ്രീമതി ജീന,<br>അസി. എക്സി. എഞ്ചിനീയർ | 118030100040/ 26.07.2018 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| അഞ്ചാലുംമൂട് ബ്ലോക്ക്<br>1997-98<br>ഖ - 25 | 2001-02<br>ഖ - 2-3-1 | അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| അഞ്ചാലുംമൂട് ബ്ലോക്ക്<br>1997-98<br>ഖ - 26 | 2001-02<br>ഖ - 2-3-(ii) | ധാന്യകറിപ്പൊടി നിർമ്മാണ യൂണിറ്റ് - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| അഞ്ചാലുംമൂട് ബ്ലോക്ക്<br>1997-98<br>ഖ - 27 | 2001-02<br>ഖ - 2-3-(iii) | കശുവണ്ടി സംസ്കരണ വിപണന സംഘം - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| അഞ്ചാലുംമൂട് ബ്ലോക്ക് | 2001-02<br>ഖ - 2-1-(iv) | മാർക്കറ്റിംഗ് സെയിൽസ് സഹകരണ സംഘം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

| | | | |
|---|---|---|---|
| 1997-98<br>ഖ - 29 | | | |
| അഞ്ചാലുംമൂട് ബ്ലോക്ക്<br>1998-99 മുതൽ 2005-06 വരെ | 2007-08<br>3-11-1<br>ഖ - 3-9 | അഞ്ചാലുംമൂട് ലേബർ കോപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| അഞ്ചാലുംമൂട് ബ്ലോക്ക്<br>1998-99 മുതൽ 2005-06 വരെ | 2007-08<br>3-11-2<br>ഖ - 3-10 | റോഡ് റോളർ വാങ്ങിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| അഞ്ചാലുംമൂട് ബ്ലോക്ക്<br>1998-99 മുതൽ 2005-06 വരെ<br>ഖ - 3-24 | CAR 2007-08<br>ഖ - 3-11-3 | വൃദ്ധസദനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി തുക നൽകിയത് - പണി നടന്നിട്ടില്ല. | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| ചിറ്റുമല ബ്ലോക്ക് 2012-13, 2013-14 (നിഷ്ക്രിയ ആസ്തികൾ) | CAR 2014-15<br>ഖ - 4-1-15 | തൃക്കടവൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിനായി 5,50,596/- രൂപ ചെലവിട്ട് വാങ്ങിയ ആംബുലൻസ് നാശോന്മുഖമായി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,34,45,653/- രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,48,32,060/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,23,340/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2619388/- രൂപ |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 25305 | ശ്രീമതി. ഷൈജ. ബി, അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ |
| 3-1 | | 31304 | ശ്രീ. നജീബ്. എ, അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 2987 | ശ്രീ. നജീബ്. എ, അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 10116/- | ശ്രീമതി. ബിജിമോൾ. ഇ. ആർ, അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ |
| 3-4 | | 4775/- | ശ്രീ. എസ്സ്. അശോക് കുമാർ, സെക്രട്ടറി |
| 3-5 | | 35158/- | ശ്രീ. സിബി. എ. ജി, പട്ടികജാതി വികസന ഓഫീസർ |
| 3-6 | | 13695/- | ശ്രീ. സിബി. എ. ജി, പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15-1 | 520000 | ശ്രീ. സിബി. എ. ജി, പട്ടികജാതി വികസന ഓഫീസർ |
| 1-15-2 | 300000 | ശ്രീ. സിബി. എ. ജി, പട്ടികജാതി വികസന ഓഫീസർ |
| 1-16 | 50000 | ശ്രീ. സിബി. എ. ജി, പട്ടികജാതി വികസന ഓഫീസർ |
| 1-19-2 | 5,76,776 | ഡോ. പുഷ്പലത. പി. കെ., സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കുണ്ടറ |
| 1-19-3 | 2,69,000 | ഡോ. പുഷ്പലത. പി. കെ., സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കുണ്ടറ |
| 1-20 | 4,95,150 | ശ്രീ. എം. എസ്സ്. അനിൽകുമാർ, സെക്രട്ടറി |
| 1-22 | 1) 1,51.750<br>2) 2,04,512 | ശ്രീമതി. കവിത. പി. ആർ, സി.ഡി.പി.ഒ, അഞ്ചാലുംമൂട് |
| 1-24 | 52,200 | ശ്രീമതി. റ്റി. എ. കൽപ്പന, കൃഷി അസി. ഡയറക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. ഷൈജ. ബി,<br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | എക്സിക്യൂട്ടിവ് എഞ്ചിനിയർ,<br>കൊല്ലം<br>കോർപ്പറേഷൻ ഓഫീസ് | ശ്രീപുരത്ത് വീട്,<br>ഇളമ്പള്ളൂർ,<br>കുണ്ടറ – 691501 |
| ശ്രീ. നജീബ്. എ,<br><br>അസ്സിസ്റ്റന്റ് എഞ്ചിനിയർ | സേവനത്തിൽ നിന്നും<br>വിരമിച്ചു | ചെമ്പകശ്ശേരി കിഴക്കതിൽ,<br><br>കുട്ടുമുക്ക്, വടക്കുംതല,<br>കരുനാഗപ്പള്ളി – 690536 |
| ശ്രീമതി. ബിജിമോൾ. ഇ. ആർ,<br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | എക്സിക്യൂട്ടിവ് എഞ്ചിനിയർ<br>കോട്ടയം മുനിസിപ്പാലിറ്റി | വട്ടവിള വീട്,<br><br>വളവുപച്ച പി.ഒ<br><br>കൊല്ലം – 691601 |
| ശ്രീ. എസ്സ്. അശോക് കുമാർ, സെക്രട്ടറി | സേവനത്തിൽ നിന്നും<br>വിരമിച്ചു | ചാരുത, തഴമേൽ<br><br>അഞ്ചൽ. പി. ഒ – 691301 |
| ശ്രീ. സിബി. എ. ജി, പട്ടികജാതി<br>വികസന ഓഫീസർ | പട്ടികജാതി വികസന<br>ഓഫീസർ<br>ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | അയ്യംകുളങ്ങര,<br><br>നോർത്ത് ആര്യാട്,<br>ആലപ്പുഴ – 688538 |
| ശ്രീ. എം. എസ്സ്. അനിൽകുമാർ,<br>സെക്രട്ടറി | സേവനത്തിൽ നിന്നും<br>വിരമിച്ചു | നിത്യചൈതന്യഭവൻ,<br><br>കിഴക്കേകല്ലട<br><br>കൊല്ലം – 691502 |
| ശ്രീമതി. കവിത. പി. ആർ,<br>സി.ഡി.പി.ഒ, അഞ്ചാലുംമൂട് | സി.ഡി.പി.ഒ, അഞ്ചാലുംമൂട്<br>ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | സന്തോഷ് ഭവൻ, താഴ<br>ഹൗസ്,<br>ചാത്തന്നൂർ പി ഒ, കൊല്ലം |
| ഡോ. പുഷ്പലത. പി. കെ., സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി, കുണ്ടറ | മെഡിക്കൽ ഓഫീസർ<br>കുണ്ടറ താലൂക്ക് ആശുപത്രി | ചിത്തിര, പേരയം<br>മുളവന പി ഒ. കൊല്ലം |
| ശ്രീമതി. റ്റി. എ. കൽപ്പന,<br>കൃഷി അസി. ഡയറക്ടർ | കൃഷി അസി. ഡയറക്ടർ<br>ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | സുമേരു, മുരുന്തൽ<br>പെരിനാട്. പി ഒ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05<br><br>2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി4/293/2020,<br>തീയതി-08.09.2020 | 1 |
| 2007-08 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1094/2018,<br>തീയതി-04.09.2018 | 2 |
| 2008-09 | കെ.എസ്സ്.എ-കെ.എൽ.എം-പി4/291/2018,<br>തീയതി-23.05.2019 | 5 |
| 2009-10 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1755/2018,<br>തീയതി-13.05.2019 | 8 |
| 2010-11 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1232/2017, | 4 |

| | | |
|---|---|---|
| | തീയതി-14.05.2017 | |
| 2011-12 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1386/2017, തീയതി-14.06.2018 | 4 |
| 2012-13<br>2013-14 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1456/2018, തീയതി-20.09.2019 | 5 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം-പി4/537/2018, തീയതി-20.08.2018 | 1 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1124/2018, തീയതി-27.07.2019 | 3 |
| 2017-18 | കെ.എസ്സ്.എ-കെ.എൽ.എം-പി4/434/2020(1), തീയതി-19.08.2020 | 9 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം -1

ഓഡിറ്റ് സാക്ഷ്യപത്രം 2018-19

കെ.എസ്.എ.കെ.എൽ.എം-പി.4/1184/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 24.02.2021

ഓഡിറ്റ് സാക്ഷ്യപത്രം 2018-19

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം -2

അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം